2017 സെപ്റ്റംബർ 10
വാല്യം 10
ലക്കം 17

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08



# വേദനയില്ലാത്ത ലോകത്തേക്ക് അഞ്ജലി യാത്രയായി

അഞ്ജലി മറിയം മാത്യു (26) കൊച്ചുപുരയിൽ, അയണിവേലികുളങ്ങര, കരുനാഗപ്പള്ളി. ജനനം 1990 ഒക്ടോബർ 21 / മരണം 2017 ആഗസ്റ്റ് 24.

ഇരുപത്തിയാറ് വർഷം മാത്രം നീണ്ടു നിന്ന ഹ്രസ്വമായ ജീവിത കാലയളവ്. എന്നാൽ തന്റെ ജീവിത കാലയളവിൽ ആ പെൺകുട്ടി അനുഭവിച്ച വേദനകൾ വലിയതായിരുന്നു. പതിനാലാം വയസ്സിൽ തന്നെ ബാധിച്ച ന്യൂറോഫൈബ്രോമാ എന്ന അസുഖത്തോട് പൊരുതി ബി.എസ്.സി. നേഴ്സിംഗ് ഗോൾഡ് മെഡലോടെ പാസ്സായി. എം.എസ്.സി.ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ ഫസ്റ്റ് റാങ്കോടെ പാസ്സാകുകയും ചെയ്തു. പല പ്രാവശ്യം മരണത്തെ മുഖാമുഖം കണ്ട് തിരികെ വന്ന അഞ്ജലി ഇരുപതാം വയസ്സിൽ കർത്താവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കുകയും സ്നാനപ്പെടുകയും ചെയ്തു.

2016 സെപ്റ്റംബറിൽ പ്രശസ്തമായ ഒരു ഹോസ്പിറ്റലിന്റെ ഓപ്പറേഷൻ തീയറ്ററിൽവച്ച് മരണത്തെ മുഖാമുഖം കണ്ട് സ്വർഗ്ഗസ്ഥലങ്ങളിൽ എടുക്കപ്പെട്ട് തിരികെ വന്ന സാക്ഷ്യം മലയാള മനോരമയുടെ സൺഡേ സപ്ലിമെന്റിൽ 2016 ഡിസംബർ 11-ാം തീയതിയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. സഹനത്തിന്റെ ഉത്തമ മാതൃകയായിരുന്നു അഞ്ജലി എന്ന യുവ സഹോദരി. തന്റെ ജീവിതത്തിന്റെ കഷ്ടാനുഭവങ്ങളെ പുഞ്ചിരിയോടെ സ്വീകരിച്ച അഞ്ജലി അനേകരെ ക്രിസ്തുവിൽ ഉറപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്ത യുവ സുവിശേഷകയായിരുന്നു. നുറുങ്ങുന്ന വേദനകളെ പുഞ്ചിരിയോടെ നേരിട്ട അഞ്ജലി ഏവർക്കും അത്ഭുതമായി മാറി. തികച്ചും അപ്രതീക്ഷിതമായി സംഭവിച്ച ഹൃദയാഘാതം ആയിരുന്നു മരണത്തിന് കാരണമായി ഭവിച്ചത്. ശാരീരിക ക്ലേശങ്ങൾ തന്നെ അലട്ടുമ്പോഴും സുവിശേഷം പങ്കിടുവാൻ ലഭിക്കുന്ന ഒരവസരവും അഞ്ജലി നഷ്ടപ്പെടുത്തിയില്ല. ഹ്രസ്വമായ തന്റെ ഓട്ടം ചന്തമായി ഓടിയവസാനിപ്പിച്ച് അഞ്ജലി യാത്രയാകുമ്പോൾ അവശേഷിക്കുന്നത് ഒരു പിടി നല്ല ഓർമ്മകളാണ്.

അഞ്ജലിയുടെ രോഗകിടക്ക തന്റെ കുടുംബാംഗങ്ങളെയെല്ലാം വിശ്വാസമുറപ്പിക്കുവാനും തന്നെ വന്നുകണ്ട എല്ലാവരുടെയും പ്രത്യാശ വർദ്ധിപ്പിക്കുവാനും ദൈവം ഇടയാക്കി. 2017 ആഗസ്റ്റ് 24 വൈകിട്ട് 3 മണിയോടെ തന്റെ മാതാപിതാക്കളും സഹോദരനും അരികിൽ നിൽക്കുമ്പോൾ പ്രത്യാശയോടെ ഇമ്പങ്ങളുടെ പറുദീസയിലേക്ക് പറന്നുപോയി. ആഗസ്റ്റ് 25 വെള്ളിയാഴ്ച നടന്ന സംസ്കാരശുശ്രൂഷയ്ക്ക് പാസ്റ്റർ കെ. സി. ജോൺ നേതൃത്വം നൽകി.

**2017 ജനുവരി 10, ഫെബ്രുവരി 10 ലക്കങ്ങളിലായി ബിലീവേഴ്സ് ജേണൽ അഞ്ജലിയുടെ കഥ പ്രസിദ്ധീകരിച്ചിരുന്നു. അനേകർക്ക് പ്രചോദനമായി മാറിയ തന്റെ അനുഭവസാക്ഷ്യം പുനഃപ്രസിദ്ധീകരിക്കുന്നു. (പേജ് 03,05)**

## എജി മലയാളി കോൺഫറൻസ് 2018 റോച്ചസ്റ്ററിൽ



റവ. മാനുവേൽ ജോൺസൺ



റവ. ലൂക്കോസ് യോഹന്നാൻ



ബിനു മാത്യു



ജോൺസൺ ലൂക്കോസ്

**ന്യൂയോർക്ക്:** എജി അമേരിക്കൻ മലയാളി കോൺഫറൻസ് -2018 (അജിഫിന) ജൂൺ 28 മുതൽ ജൂലൈ1 വരെ റോച്ചസ്റ്റർ ഹോളിഡേ ഇൻ ഡൗൺ ഹോട്ടലിൽ നടക്കും.

എക്സിക്യൂട്ടീവ് ഭാരവാഹികളായി റവ. മാനുവൽ ജോൺസൺ (നാഷണൽ കൺവീനർ), റവ. ലൂക്കോസ് യോഹന്നാൻ (നാഷണൽ ജോ. കൺവീനർ), ബിനു മാത്യു (നാഷണൽ സെക്രട്ടറി), ജോൺ ലൂക്കോസ് (നാഷണൽ ട്രഷറാർ), ടോബിൻ ദാനിയേൽ (നാഷണൽ ജോ. സെക്രട്ടറി), റവ. ലിൻസൺ എബ്രഹാം (നാഷണൽ യൂത്ത് കോർഡിനേറ്റർ), ഫ്ളോറൻസ് ജോൺസൺ (നാഷണൽ ലേഡീസ് കോർഡിനേറ്റർ) എന്നിവരെ തെരഞ്ഞെടുത്തു.

## എസ്ഐഎജി കോൺഫറൻസ് സെപ്റ്റംബർ 19 മുതൽ 21 വരെ



റവ. വി. റ്റി. ഏബ്രഹാം

**തിരുവനന്തപുരം:** സൗത്ത് ഇന്ത്യ അസംബ്ലീസ് ഓഫ് ഗോഡിന്റെ 36-ാമത് ദ്വിവത്സര കോൺഫറൻസ് തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിന്റെ ഗിരിദീപം ഓഡിറ്റോറിയത്തിൽ സെപ്റ്റംബർ 19 മുതൽ 21 വരെ നടക്കും.

എസ്ഐഎജി സൂപ്രണ്ട് റവ. വി. റ്റി. ഏബ്രഹാം ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ റവ. ഡി. മോഹൻ, റവ. റ്റി. ജെ. ശാമുവേൽ, റവ. പോൾ തങ്കയ്യ എന്നിവർ പ്രധാന പ്രസംഗകരായിരിക്കും.

## വൈ.പി.ഇ. മലബാർ ക്യാമ്പ് സുൽത്താൻ ബത്തേരിയിൽ

**വയനാട്:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ കേരളാ സ്റ്റേറ്റ് വൈ.പി.ഇ മലബാർ മേഖലാ ക്യാമ്പ് സെപ്റ്റംബർ 29, 30 തിയതികളിൽ സുൽത്താൻ ബത്തേരിയിൽ പ്രതീക്ഷ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കും. മലബാർ, നോർത്ത് മലബർ മേഖലകൾ സംയുക്തമായി നടത്തുന്ന ക്യാമ്പ് 29-ാം തിയതി രാവിലെ പത്ത് മണിക്ക് സംസ്ഥാന സെക്രട്ടറി ബ്രദർ മാത്യു ബേബിയുടെ അധ്യക്ഷതയിൽ സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ എ റ്റി ജോസഫ് ഉത്ഘടനം ചെയ്യും സ്റ്റേറ്റ് ഓവർസിയർ റവ. സി.സി.തോമസ് മുഖ്യ സന്ദേശം നൽകും, 'സ്ഥിരതയോടെ ഓടുക' എന്നതാണ് ക്യാമ്പ് തീം. പ്രിമാരിറ്റൽ കൗൺസിലിംങ്, കരിയർ ഗൈഡൻസ്, സൈബർ സുരക്ഷ ക്ലാസ്സ് , മിഷൻ ചലഞ്ച്, ദുരുപദേശ ബോധവൽക്കരണ ക്ലാസ്സുകൾ, ഗെയിംസ്, ഗാന പരിശീല

06



## സാക്ഷി

ആൾദൈവങ്ങൾക്ക് കഷ്ടകാലം

*പെന്തെക്കോസ്തിലെ ചില ആൾദൈവങ്ങളും അകത്താകാൻ കാലമായി*

## ഐപിസി ഫാമിലി കോൺഫറൻസ് ഡാളസിൽ



ഡോ. ബേബി വർഗീസ്



ബ്രദർ അലക്സാണ്ടർ ജോർജ്



ബ്രദർ ജെയിംസ് മുളവന



ബ്രദർ ജെറി കല്ലൂർ



സിസ്റ്റർ നാൻസി ഏബ്രഹാം



ബ്രദർ രാജൻ ആര്യപ്പള്ളിൽ

**അറ്റ്ലാന്റാ:** ഡാളസ് പട്ടണത്തിൽ ഡി.എഫ്.ഡബ്ല്യൂ അന്തർദേശീയ വിമാനത്താവളത്തിന് സമീപത്തുള്ള ഹയാത്ത് റീജൻസി ഹോട്ടലിൽ വച്ച് ജൂലൈ 19-22 വരെ നടക്കുന്ന 16-ാമത് ഐപിസി നോർത്ത് അമേരിക്കൻ ഫാമിലി കോൺഫറൻസിന്റെ ദേശീയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ന്യൂജേഴ്സി ചെറിഹിൽ കൺവൻഷന്റെ സെന്ററിൽ നടന്ന 15-ാമത് ഐപിസി ഫാമിലി കോൺഫറൻസ് ജനറൽ ബോഡി മീറ്റിംഗിലാണ് ഭാരവാഹികളെ തെരഞ്ഞെടുത്തത്. നാഷണൽ കൺവീനർ റവ. ബേബി വർഗീസ്, സെക്രട്ടറി അലക്സാണ്ടർ ജോർജ്, ട്രഷറാർ ജെയിംസ് മുളവന എന്നിവരെ സൗത്ത് ഫ്ളോറിഡായിൽ നടന്ന കോൺഫറൻസിൽ തെരഞ്ഞെടുത്തിരുന്നു.

നാഷണൽ കൺവീനറായി തെരഞ്ഞെടുക്കപ്പെട്ട റവ. ബേബി വർഗീസ് ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ആരംഭകാല പ്രവർത്തകനും സുവിശേഷകനുമായ പരേതനായ പാസ്റ്റർ ഗീവർഗീസ് ബേബിയുടെ മകനാണ്. ഐപിസി ജനറൽ വൈസ് പ്രസിഡന്റായി രണ്ടു തവണ സേവനം അനുഷ്ഠിച്ചിട്ടുള്ള പാസ്റ്റർ ബേബി വർഗീസ് കഴിഞ്ഞ 36 വർഷമായി ഡാളസ് ഐപിസി എബനേസർ ചർച്ചിന്റെ സീനിയർ ശുശ്രൂഷകനായി പ്രവർത്തിക്കുന്നു. മികച്ച പ്രഭാഷകനും, സംഘാടകനുമായ ഇദ്ദേഹം, കേരളത്തിലും, നേപ്പാളിലും, ലോകത്തിന്റെ വിവിധ

06

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

**ബിലീവേഴ്സ് ജേണൽ**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**

ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFiCE: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in


**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ




# കാലാവസ്ഥാ വ്യതിയാനം ലോകത്തിന് ഒരു മുന്നറിയിപ്പ്



**ബ്രദർ രാജൻ ആര്യപ്പള്ളിൽ**
**ചെയർമാൻ**

വർദ്ധിച്ചുവരുന്ന കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് മുന്നറിയിപ്പുകൾ ലഭ്യമാകാൻ തുടങ്ങിയിട്ട് വർഷങ്ങൾ ചിലതായി. ആർത്തിമൂത്ത മനുഷ്യന്റെ പ്രവർത്തികളാണ് ഇതിന് മുഖാന്തിരമാകുന്നത്. ആർട്ടിക്, അന്റാർട്ടിക്കാ മേഖലകളിലെ വർദ്ധിച്ചുവരുന്ന മഞ്ഞുരുകൽ ലോകത്തിന്റെ നാശത്തിലേക്ക് വിരൽ ചൂണ്ടുന്ന നിലയിൽ ആയിരിക്കുന്നു. ആഗോളതാപനം ഇന്ന് വെല്ലുവിളിയായി മാറിയിരിക്കുന്നു. കാലം തെറ്റി പെയ്യുന്ന മഴയും കൊടുങ്കാറ്റും ഭൂകമ്പവുമൊക്കെ ലോകത്തിന് ലഭിക്കുന്ന മുന്നറിയിപ്പുകളാണ്.

ഹാർവി ചുഴലിക്കാറ്റ് വരുത്തിയ വിനാശം എത്ര വലിയതായിരുന്നു. ടെക്സാസ് സ്റ്റേറ്റിലെ ഹൂസ്റ്റൺ പട്ടണത്തെ താറുമാറാക്കിയ വൻ പേമാരിയും ജലപ്രളയവും ഹാർവിയുടെ അനന്തരലമായിരുന്നു. പതിനായിരകണക്കിന് ജനങ്ങളെ ബാധിച്ച പ്രളയം ഒരു മുന്നറിയിപ്പാണ്. ഇന്ത്യയിൽ ബീഹാറിലും മുംബൈയിലുമൊക്കെ ഉണ്ടായ പേമാരിയും ജലപ്രളയവും ഇതേ കാലയളവിൽ തന്നെ ഉണ്ടായതാണ്. കഴിഞ്ഞ കുറേ നാളുകളായി കാലാവസ്ഥാ വ്യതിയാനം കേരളത്തിലും മറ്റും നേരിട്ട് അനുഭവിച്ചറിയുവാൻ സാധിക്കുന്നു. കൃത്യസമയത്തും നിശ്ചിത ഇടവേളകളിലും പെയ്തിരുന്ന മഴയായിരുന്നു കേരളത്തിന്റെ അനുഗ്രഹം. എന്നാൽ അതെല്ലാം തകിടം മറിഞ്ഞിരിക്കുന്നു. മലകൾ ഇടിച്ചുനിരത്തിയും വനങ്ങൾ വെട്ടിനിരത്തിയും വയലുകൾ മണ്ണിട്ട് മൂടി കോൺക്രീറ്റ് സൗധങ്ങൾ പണിതുയർത്തിയും മനുഷ്യൻ അഹങ്കരിക്കുകയാണ്. ദൈവം നൽകിയ നന്മകളെ ഗണ്യമാക്കാതെ പൊന്മുട്ടയിടുന്ന താറാവിനെ കൊല്ലുകയാണ് മനുഷ്യൻ ചെയ്യുന്നത്. എല്ലാം വെട്ടിപിടിക്കുവാനുള്ള മനുഷ്യന്റെ അത്യാർത്തി അവനെ നാശത്തിലേക്ക് കൊണ്ടെത്തിക്കുകയാണ്.

ഇതിന് ഒരു മറുവശം കൂടിയുണ്ട്. വിശുദ്ധ ബൈബിൾ മുന്നറിയിപ്പായി നൽകിയിട്ടുള്ളതാണ്. ചന്ദ്രനിലും സൂര്യനിലും ആകാശത്തും പ്രകൃതിയിലുമൊക്കെ ഉണ്ടാകുന്ന മാറ്റങ്ങളുമായി ബന്ധപ്പെട്ട മുന്നറിയിപ്പ്. ഈ ഭൂമി അഗ്നിക്കായി സൂക്ഷിച്ചിരിക്കുന്നു. ശാപഗ്രസ്തമായ ഭൂമിയെ അവൻ തീ കൊണ്ട് ന്യായം വിധിക്കുന്ന ഒരു ദിവസം ഉണ്ട്. എന്നാൽ അതെല്ലാം മനുഷ്യപുത്രന്റെ മടങ്ങിവരവുമായി ബന്ധപ്പെട്ടും അനന്തരമായി സംഭവിക്കേണ്ട കാര്യങ്ങളാണ്. എന്നാൽ ഇപ്പോൾ കാണുന്ന അടയാളങ്ങളൊക്കെയും ഈറ്റുനോവിന്റെ ആരംഭം മാത്രം. എന്നാൽ ദൈവം നൽകുന്ന മുന്നറിയിപ്പിനെ അവഗണിച്ച് സ്വാർത്ഥതയോടെ എല്ലാം വെട്ടിപ്പിടിക്കുവാൻ വെമ്പൽ കൊള്ളുന്ന മനുഷ്യൻ ദൈവവചനത്തെ പുറകിൽ എറിഞ്ഞുകളയുകയാണ്. എന്നാൽ വരുവാനുള്ള ന്യായവിധിയിൽ നിന്ന് തെറ്റിയൊഴിയുവാൻ എങ്ങനെ കഴിയും. ഉന്നതഭാവത്തോടെയും നിഗളത്തോടെയും മുന്നേറുന്ന മനുഷ്യൻ വരുവാൻ പോകുന്ന ന്യായവിധിയെക്കുറിച്ച് ചിന്തിക്കുന്നതേയില്ല.

മറ്റ് ജാതികളെയോ സമുദായസ്ഥരെയോ വിരൽ ചൂണ്ടുന്നതിനു മുമ്പ് നാം നമ്മുടെ ഇടയിലേക്ക് വിരൽ ചൂണ്ടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പരസ്പരം പോരടിച്ചും ജഡികന്മാരേക്കാൾ മോശമായ നിലയിൽ അസഭ്യവർഷം നടത്തിയും അഴിമതിയിൽ മുങ്ങികുളിച്ചും ദൈവഭയമില്ലാത്തവരായി മാറിയിരിക്കുന്ന കാഴ്ചയാണ് പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളിൽ എവിടെയും കാണുവാൻ കഴിയുന്നത്. അത്തി തളിർത്തു മുന്തിരി കെട്ടു എന്ന ചൊല്ലുപോലെ ബാഹ്യമായ വളർച്ചയിൽ പ്രശംസിക്കുന്ന പെന്തെക്കോസ്ത് സമൂഹം ആത്മീയ അനുഭവങ്ങൾ നഷ്ടപ്പെടുത്തിയവരായി മാറിയിരിക്കുന്നു. കൃപാവരങ്ങൾക്ക് പ്രാധാന്യം കൊടുത്തും അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും പിന്നാലെ ഓടി കൃപാവരപ്രാപ്തരെ വലിയവരാക്കിയും ഓടുകയാണ്. എന്നാൽ വചനത്തിന്റെ അന്തസത്ത ഉൾക്കൊള്ളുവാൻ കഴിയാതെയും ആത്മാവിന്റെ ഫലം ഇല്ലാതെയും ഭക്തിയുടെ വേഷപ്രകടനങ്ങളിലൂടെ സമൂഹത്തിൽ തങ്ങൾ എന്തൊക്കെയോ ആണെന്ന് വരുത്തിതീർക്കുവാനുള്ള വ്യഗ്രതയാണ് എവിടെയും.

നേതൃത്വം ആകട്ടെ കസേര ഉറപ്പിക്കുവാനുള്ള നെട്ടോട്ടത്തിൽ ആത്മീയതയുടെ എല്ലാ അതിർവരമ്പുകളും ലംഘിച്ച് മുന്നേറുകയാണ്. എന്നാൽ വിശുദ്ധ തിരുവെഴുത്തുപറയുന്ന പ്രവചനങ്ങളെയും മുന്നറിയിപ്പുകളെയും തൃണവൽഗണിക്കുകയാണ്. ലോകമനുഷ്യർ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് ആശങ്കാകുലരാണ്. എന്നാൽ ദൈവജനം അഭിമാനിക്കുന്നവർ ഇതൊന്നും ഗണ്യമാക്കുന്നതേയില്ല. നോഹയുടെ കാലത്ത് വരുവാനുള്ള ന്യായവിധിയെക്കുറിച്ച് പ്രസംഗിച്ചിട്ടും ജനം അതിനെ ഗണ്യമാക്കിയില്ല. അതുകൊണ്ടുതന്നെ ദൈവീക ന്യായവിധിയിൽ നിന്ന് തെറ്റിയൊഴിയുവാനും അവർക്ക് സാധിച്ചില്ല. ഇതുതന്നെയായിരിക്കാം ഇന്നത്തെ മനുഷ്യനും സംഭവിക്കുന്നത്. പ്രകൃതി ഒരുങ്ങിയിട്ടും ഒരുങ്ങുവാൻ സാധിക്കാത്ത ജനത്തിന് ദൈവം നൽകുന്ന മുന്നറിയിപ്പുകളാണ് പ്രകൃതിയിലൂടെ ലഭിക്കുന്നത്. അപ്പോഴും പരസ്പരം മത്സരിച്ചും വെല്ലുവിളിച്ചും പോരടിച്ചും ദൈവമക്കൾ എന്ന് അഭിമാനിക്കുന്നവർ അഹങ്കാരത്തോടെ മുന്നേറുന്നു. മറക്കാതിരിക്കുക മുന്നറിയിപ്പുകൾ അവഗണിക്കാതിരിക്കുക. വചനത്തിലേക്ക് മടങ്ങിവരിക.

# കുറ്റബോധത്തിൽ നിന്നു മോചനം ഉണ്ടോ?






**ബിനു ജോസഫ്**
**വടശ്ശേരിക്കര**

**ബൈബിൾ ഇന്ന്**

2000 വർഷങ്ങൾക്കുമുമ്പ് എഴുതപ്പെട്ട ഈ ബൈബിൾ ഇന്ന് എന്തിന് എന്ന് ചിലരെങ്കിലും ചോദിക്കാം. ചോദ്യം ശരിയാണ്. പക്ഷേ നാം അറിയേണ്ട കാര്യം ബൈബിൾ എന്നത് ഏതു കാലഘട്ടത്തിലും ആർക്കും വായിക്കുവാനും പ്രമാണിക്കുവാനും ഉള്ളവ അടങ്ങിയ ഗ്രന്ഥമാണ്. കാലങ്ങൾ മാറി, ശാസ്ത്രം വളർന്നു എങ്കിലും ഇന്നത്തെ ശാസ്ത്രയുഗത്തിൽ ബൈബിളിന്റെ ആധികാരികതയ്ക്ക് കോട്ടം തട്ടിയിട്ടില്ല. ബൈബിൽ നൽകുന്ന പല വിവരങ്ങളും ശാസ്ത്രം കണ്ടുപിടിച്ചത് വളരെ വൈകിയാണ്.

ഉദാ. ഭൂമിയുടെ ആകൃതി, ഭൂമിയുടെ നിലനിൽപ് (യെശ.40:22). ആകാശത്തിലെ എണ്ണമില്ലാത്ത നക്ഷത്രങ്ങളെ എണ്ണിയ ദൈവം (യെശ.40:26). ഭൂമിയുടെ സൃഷ്ടിപ്പ് (സദൃ.8:27–30). നക്ഷത്രങ്ങളുടെ പേരുകൾ (ഇയ്യോബ് 38:31–32). രാശിചക്രം (ഇയ്യോ.38:32). മഴ പെയ്യുന്നത് (ഇയ്യോ.30:27). മൂലപദാർത്ഥങ്ങൾ കത്തിയഴികയും (2 പത്രോ.3:10).

ഇപ്രകാരം നിരവധി ശാസ്ത്രസത്യങ്ങൾ ബൈബിളിലുണ്ട്. മാത്രമല്ല രാഷ്ട്രങ്ങൾ നിയമനിർമ്മാണത്തിന് ബൈബിളിനെ ഉപയോഗിച്ചിട്ടുണ്ട്.

ഇതിനെക്കാൾ ഉപരിയായി ഒരു വ്യക്തിയിൽ ആന്തരികമായ മാറ്റം (മാനസാന്തരം) നൽകുവാൻ കഴിയുന്ന ഒരേ ഒരു ഗ്രന്ഥം ബൈബിളാണ്. ലോകത്തിൽ അനേകം ഗ്രന്ഥങ്ങൾ ഉണ്ടെങ്കിലും ഏതെങ്കിലും ഒരു ഗ്രന്ഥം വായിച്ചിട്ട് ആരെങ്കിലും തന്റെ പാപവഴിയും വഞ്ചനയും അവസാനിപ്പിച്ചതായി അറിയാമോ? ആരെങ്കിലും മദ്യപാനം ഉപേക്ഷിച്ചതായി അറിയാമോ? ആരെങ്കിലും ജീവിതത്തിൽ രൂപാന്തരം നേടി പുതിയ ജീവിതം ആരംഭിച്ചതായി അറിയാമോ? ഉണ്ടെങ്കിൽ ബൈബിൾ മാത്രം. അതേ വിശുദ്ധബൈബിൾ മാത്രം വായിച്ച്.

ആഫ്രിക്കൻ കാടുകളിൽ കിടന്ന നരഭോജികളെ മനുഷ്യസ്നേഹികളാക്കിയത് ബൈബിളാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ അഹിംസ സ്വീകരിക്കുവാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചത് ക്രിസ്തുവിന്റെ ഗിരിപ്രഭാഷണമല്ലാതെ മറ്റൊന്നല്ല. ആഫ്രിക്കയിൽ വെച്ച് തന്റെ ചെകിടത്ത് അടിച്ചവന് മറ്റേ ചെകിടും കാട്ടിക്കൊടുക്കുവാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചതും യേശുവിന്റെ വചനം തന്നെയാണ്. സ്വന്തം ഭർത്താവിനെയും രണ്ട് പിഞ്ചുകുഞ്ഞുങ്ങളേയും ചുട്ടെരിച്ച് കൊന്നപ്പോൾ ഞാൻ അവരോട് ക്ഷമിക്കുന്നു എന്ന് പറയുവാൻ ഗ്രഹാം സ്റ്റെയിൻസിന്റെ ഭാര്യയായ ഗ്ലാഡിസ് സ്റ്റെയിൻസിനെ പ്രേരിപ്പിച്ചതും ബൈബിൾ തന്നെയാണ്.

വിശ്വസിക്കുന്നവർക്ക് ജീവിതത്തിൽ നിത്യരക്ഷയും സമാധാനവും ഇന്നും ദൈവവചനം നൽകുന്നു. ദൈവവചനമായ ബൈബിൾ അത്ഭുതങ്ങൾക്കും രോഗസൗഖ്യത്തിനും കാരണമാകുന്നു. വിശ്വസിക്കുന്നവർക്ക് ദൈവവചനം ശക്തിയും പ്രത്യാശയും പകരുന്നതാണ്.

ദൈവവചനം വായിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർക്ക് നന്മയും അനുഗ്രഹവും ലഭിക്കും. വിശ്വാസം അതാണ് ദൈവവചനത്തിന്റെ അടിസ്ഥാനം. വിശ്വസിക്കുമെങ്കിൽ അസാദ്ധ്യമായി തോന്നുന്നത് നിങ്ങളുടെ ജീവിതത്തിലും സാദ്ധ്യമാകും.

ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ച് കേൾപ്പിക്കുന്നവനും കേൾക്കുന്നവനും അതിൽ എഴുതിയിരിക്കുന്നത് പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ (വെളി.1:3) എന്നാണ് ദൈവവചനം പറയുന്നത്. ജീവിതത്തിൽ ഒരിക്കലും സൗഖ്യമില്ലായെന്ന് വൈദ്യശാസ്ത്രം വിധിയെഴുതി വീട്ടിലേക്ക് മടക്കി അയയ്ക്കപ്പെട്ടയാളായിരുന്നു സുനിൽ. യൗവ്വനത്തിൽ ക്യാൻസർ ബാധിച്ച് പ്രതീക്ഷയസ്തമിച്ച യുവാവ്. അങ്ങനെയിരിക്കേ യേശുവിനാൽ സാധിക്കാത്തത് ഒന്നുമില്ലായെന്ന് താൻ കേട്ടു. അപ്രകാരം ഒരു പ്രാർത്ഥനായോഗത്തിൽ വെച്ച് താൻ കേട്ട ദൈവവചനം ഹൃദയംഗമായി വിശ്വസിച്ചു. യേശുവിന് സാദ്ധ്യമാണെന്നത് വിശ്വസിച്ചു. കേട്ട ആ വചനം *ഞാൻ നിന്നെ സൗഖ്യമാക്കുന്നന യഹോവ ആകുന്നു* എന്ന വചനം ഹൃദയത്തിൽ സംഗ്രഹിച്ചു. അത്ഭുതം എന്ന് ലോകം മുഴുവൻ പറയത്തക്കവണ്ണം സുനിലിന്റെ രോഗം ഭേദമായി. പൂർണ്ണമായും ക്യാൻസർ തന്നെ വിട്ട് പോയി. ഇതുപോലെ എത്രയെത്ര അനുഭവങ്ങൾ നിങ്ങളുടെ ജീവിതത്തിലും നിങ്ങളുടെ ചുറ്റുപാടിലും ഉണ്ട്.

ദൈവവചനത്തെപ്പറ്റി താഴെ പറയുന്ന കാര്യങ്ങൾ നാം അറിയണം.

1. ദൈവവചനം ദൈവത്തോളം ശക്തിയുള്ളതാണ്.
2. ദൈവവചനത്തിന് ജീവൻ നൽകുവാൻ കഴിയും.
3. നമുക്ക് ജ്ഞാനവും ബുദ്ധിയും പ്രദാനം ചെയ്യും.
4. നമ്മെ നേർവഴിയിൽ നയിക്കുന്നു.
5. ഇത് നമ്മുടെ ആത്മിക മനുഷ്യനെ ശക്തിപ്പെടുത്തുന്നു.
6. വചനം നമ്മുടെ നിരാശയെ അകറ്റി സന്തോഷം നൽകുന്നു.
7. രോഗത്തിൽ നിന്ന് സൗഖ്യം പകരുന്നു.
8. നിത്യമായി രക്ഷയിലേക്ക് നയിക്കുന്നു.
9. പാപത്തിൽ നിന്ന്

07

# ഒരു സഹനത്തിന്റെ കഥ: അഞ്ജലിയുടെയും





**തന്റെ നട്ടെല്ലിന്റെ കണ്ണികളെ ബന്ധിപ്പിച്ച് നിർത്തുവാൻ ശരീരത്തിനുള്ളിൽ 2004–ൽ സ്ഥാപിച്ച് ടൈറ്റാനിയം ഇംപ്ലാന്റ് ഒടിഞ്ഞ് ശരീരത്തിനുള്ളിൽ ചിതറി. ചില ഭാഗങ്ങൾ ഹൃദയത്തിന് അടുത്തും ശ്വാസകോശത്തിനോടുചേർന്നും അപകടകരമായ നിലയിൽ എത്തിയിരുന്നു. ശരീരം നുറുങ്ങുന്ന വേദനയുമായി ജീവിച്ച അഞ്ജലിക്ക് ഒരു സർജറി സാധ്യമല്ല എന്ന മെഡിക്കൽ സയൻസിന്റെ വിധി മറികടന്ന് 2016–ൽ ഡോ. ജേക്കബ് ഈപ്പൻ നടത്തിയ സർജറിയിലൂടെ പുറത്തെടുത്ത ഭാഗങ്ങൾ അഞ്ജലി ഇന്നും സൂക്ഷിച്ചുവച്ചിരിക്കുന്നു. അതൊരു സാക്ഷ്യമാണ്. തന്നെ വിടുവിച്ച ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച് പറയുമ്പോൾ മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുവാൻ താൻ സൂക്ഷിക്കുകയാണ് ഇത്.**

ഭാരതീയാർ യൂണിവേഴ്സിറ്റിയിൽ നിന്നും എം.എസ്.സി ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനിൽ ഒന്നാം റാങ്ക് നേടിയ അഞ്ജലി അല്പനാൾ വിശ്രമത്തിനായി ഭവനത്തിലെത്തി. സുഷുമ്നയ്ക്ക് ചുറ്റും ഇട്ടിരുന്ന ടൈറ്റാനിയം ഇംപ്ലാന്റും അനുബന്ധ ഉപകരണങ്ങളും പൊട്ടി ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ തറഞ്ഞിരിക്കുന്നതിന്റെ വേദന ഒരു വശത്ത്. ശരീരവും തലയും തമ്മിൽ ബന്ധമില്ലാത്ത അവസ്ഥയിൽ ചെറിയ ആഘാതം പോലും ശരീരത്തെ പൂർണ്ണമായി തളർത്തിക്കളയുമെന്ന ഡോക്ടർമാരുടെ മുന്നറിയിപ്പ്. എന്നാൽ തനിക്ക് വന്നു ഭവിച്ചതൊക്കെ ദൈവഹിതത്താലാണെന്നും ദൈവീകവാഗ്ദത്തങ്ങൾ മാത്രമേ വിജയിക്കൂ എന്നുമുള്ള അഞ്ജലിയുടെ ഉറച്ച വിശ്വാസം മറുവശത്ത്. എല്ലാം നന്മയ്ക്കായികൂടി വ്യാപരിപ്പിക്കുന്ന ദൈവീക കരുതലിന്റെ ഉറപ്പോടെ അഞ്ജലി ജീവിതത്തിൽ വേദനകളെ സഹിഷ്ണതയോടെ നേരിട്ടു. കൊല്ലം അസീസിയാ ഹോസ്പിറ്റലിൽ ജോലിക്കായി കടന്നുപോയ അഞ്ജലിക്ക് ജോലിയുടെ ഭാഗമായി ഉറക്കിളപ്പും പടികൾ കയറിയിറങ്ങുന്നതുമൊക്കെ ശരീരത്തിന് താങ്ങാവുന്നതിനുമപ്പുറമായിരുന്നു. 2016 സ്പെറ്റംബറിൽ വീണ്ടും ശരീരം തളർച്ചയിലേക്ക് നീങ്ങി. ശരീരവും തലയും തമ്മിൽ ബന്ധമില്ലാത്ത സാഹചര്യത്തിൽ കഴുത്ത് ഒടിഞ്ഞ് തല മുന്നോട്ട് തൂങ്ങി. ആ



അഞ്ജലിയുടെ കഴുത്ത് ഒടിഞ്ഞുതൂങ്ങിയനിലയിൽ

ശുപത്രികൾ കയറിയിറങ്ങിയെങ്കിലും ഗുരുതരാവസ്ഥകണ്ട് പകച്ചു നിൽക്കുവാനല്ലാതെ ആരും അഞ്ജലിയെ ചികിത്സിക്കുവാൻ ധൈര്യപ്പെട്ടില്ല. ഒടുവിൽ കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെത്തി. സ്പൈൻ സർജറി കൺസൾട്ടന്റ് ആയ ഡോ. ജേക്കബ് ഈപ്പൻ നൽകിയ "ശ്രമിച്ചുനോക്കാം" എന്ന വാക്ക് മാതാപിതാക്കളായ മാത്യൂസിനും റീനയ്ക്കും ചെറിയ പ്രതീക്ഷ നൽകി. മെഡിക്കൽ റിപ്പോർട്ടുകൾ വിദേശത്തേക്ക് അയച്ചും അത്യാനുധിക സൗകര്യങ്ങളൊരുക്കിയും ചികിത്സയ്ക്ക് ക്രമീകരണങ്ങൾ നടത്തി. അഞ്ജലിയുടെ രോഗം എന്താണെന്ന് ഒടുവിൽ കണ്ടെത്തി. ന്യൂറോ ഫൈബ്രോമ എന്ന മാരക രോഗം സ്പൈനൽ കോഡിനെ ബാധിച്ചതുനിമിത്തം അഞ്ച് കണ്ണികൾ ദ്രവിച്ച് പോയിരിക്കുന്നു. സ്പൈനൽ കോഡിൽ രൂപപ്പെട്ട വലിയ മുഴ. ഹൃദയത്തിനടുത്ത് അപകടകരമായ നിലയിൽ എത്തിനിൽക്കുന്ന കമ്പി നീക്കണമെങ്കിൽ നെഞ്ച് തുറന്ന് സർജറി ചെയ്യണം. ഹൃദയവും ശ്വാസകോശവും ഉയർത്തിനിർത്തിയ ശേഷം പിൻവശവും തുറന്ന് നട്ടെല്ലിനടുത്തുള്ള കമ്പികൾ നീക്കണം. നശിച്ചുപോയ കണ്ണികൾക്ക് പകരം കാലിൽ നിന്ന് അസ്ഥിയുടെ ഭാഗം എടുത്ത് ഗ്രാഫ്റ്റ് ചെയ്യണം. വൈദ്യശാസ്ത്രത്തിനു പോലും മനസ്സിലാക്കുവാൻ കഴിയാത്ത ഗുരുതരമായ സാഹചര്യം. അതുകൊണ്ടുതന്നെയാണ് ഡോക്ടർമാരെല്ലാവരും ഈ കേസ് ഏറ്റെടുക്കുവാൻ തയ്യാറാകാതിരുന്നത്. അഞ്ജലി എന്ന പെൺകുട്ടിയെ ജീവിതത്തിലേക്ക് മടക്കികൊണ്ടുവരിക എന്നത് ഒരിക്കലും സാധ്യമാകയില്ല എന്ന തിരിച്ചറിവാകാം അവരെ പുറകോട്ട് വലിച്ചത്. എന്നാൽ അവിടെ അഞ്ജലി അവർക്കെല്ലാം അത്ഭുതമായി മാറി. സർജറിക്ക് തയ്യാർ എന്ന് പുഞ്ചിരിയോടെ പറഞ്ഞ അഞ്ജലിയുടെ ധൈര്യം ഡോക്ടർമാരെ സമ്മതിപ്പിച്ചു. മരണം അല്ലെങ്കിൽ തളർന്ന ശരീരം ഇതല്ലാതെ ജീവിതത്തിലേക്ക് ഒരു മടങ്ങിവരവ് ഉണ്ടാകുകയില്ല എന്ന് വൈദ്യശാസ്ത്രത്തിന്റെ ബലത്തിൽ ഡോക്ടർമാർ വിശ്വസിച്ചു.

സർജറിക്കായി ഒരുങ്ങുമ്പോൾ ഭവനത്തിൽ വിശ്രമിക്കവെ താൻ കണ്ട ഒരു ദർശനം സർജറിയുടെ ഗുരുതരാവസ്ഥ അഞ്ജലിയെ ബോധ്യപ്പെടുത്തി. ഭവനത്തിലേക്ക് കയറുവാൻ ശ്രമിക്കുന്ന ഒരു മരണദൂതൻ, എന്നാൽ പുറകെ ഒരുപറ്റം ദൂതന്മാർ ഭവനത്തിനുചുറ്റും ഊരിപിടിച്ച വാളുമായി കാവലിനെത്തി. മരണദൂതനെ അകത്തേക്ക് വിടാതെ അവർ അവിടെ നിന്നു. യഹോവയുടെ ദൂതൻ തന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി വിടുവിക്കുന്നു എന്ന വചനം തന്റെ ഹൃദയത്തിലേക്ക് ശക്തിയായി, ധൈര്യമായി ആഴ്ന്നിറങ്ങി. സങ്കീർണ്ണമായ സർജറിയിൽ പ്രശ്നങ്ങൾ ഉണ്ടായാലും ദൈവീക വിടുതൽ ഉണ്ടെന്ന ഉറപ്പ് പ്രാപിച്ച അഞ്ജലിക്ക് അതുകൊണ്ടുതന്നെ മടിച്ചു നിന്ന ഡോക്ടർമാരോട് ഓപ്പറേഷന് തയ്യാറെന്ന് പുഞ്ചിരിയോടെ പറയുവാൻ കഴിഞ്ഞു. മാത്രമല്ല അഞ്ജലി എന്ന ദൈവപൈതലിനുവേണ്ടി പ്രാർത്ഥിക്കുവാൻ ലോകത്തിന്റെ പലകോണുകളിലും ദൈവം ആളുകളെ ഒരുക്കി. തന്നെ അറിയാത്തവർപോലും ഈ പെൺകുട്ടിക്കുവേണ്ടി ദൈവത്തോടെ മധ്യസ്ഥത അണച്ചു. അവിടെ ദൈവത്തിന്റെ പ്രവൃത്തി ആരംഭിക്കുകയായിരുന്നു. ഡോക്ടർ ജേക്കബ് ഈപ്പന്റെ നേതൃത്വത്തിൽ ഡോക്ടർമാരുടെ വലിയൊരുസംഘം സർജറിക്കായി ഒരുങ്ങി. മാനേജ്മെന്റിന്റെ പ്രത്യേക പെർമിഷനോടെ സഭാശുശ്രൂഷകൻ ആ ഫ്ളോറിൽ ആത്മനിറവിൽ ആരാധന നടത്തുകയും പ്രാർത്ഥനയോടെ അഞ്ജലിയെ തിയറ്ററിലേക്ക് അയക്കുകയും ചെയ്തു. അപ്പോഴും ഡോക്ടർമാർ പ്രതീക്ഷിക്കുന്നത് അഞ്ജലിയെ ഓപ്പറേഷന് ശേഷം ആരോഗ്യത്തോടെ നടക്കുവാൻ കഴിയുന്ന ഒരു പെൺകുട്ടിയായി കാണാമെന്നല്ല. മരണത്തിൽ നിന്ന് ഒരു വിടുതൽ ഒപ്പം വേദനയിൽ നിന്നും. മരണത്തെ കീഴടക്കിയാലും തളർന്ന ശരീരത്തോടെ ജീവിതത്തിന്റെ ശിഷ്ടകാലം കഴിയേണ്ടിവരുമെന്ന മുന്നറിയിപ്പാണ് അവർ മാതാപിതാക്കൾക്ക് നൽകിയിരുന്നത്.

ദൈർഘ്യമേറിയ ശസ്ത്രക്രിയയ്ക്ക് ഒടുവിൽ രക്തപ്രവാഹം നിലയ്ക്കുന്നില്ല. പൈപ്പിൽ നിന്ന് ജലപ്രവാഹം പോലെ രക്തം ചീറ്റുകയാണ്. നാല്പത്തിയഞ്ച് യൂണിറ്റ് രക്തം കയറ്റിയതെല്ലാം പുറത്തേക്ക് ഒഴുകി. നട്ടെല്ലിലെ മുഴ നീക്കുവാനുള്ള ശ്രമത്തിൽ ട്യൂമർ മുറിച്ചപ്പോൾ തന്നെ രക്തം ചീറ്റുവാൻ ആരംഭിച്ചു. ഹൃദയത്തിനടുത്തായതിനാൽ ഡയറക്ട് ബ്ലഡ് സപ്ലൈ ആണ് ട്യൂമറിലുണ്ടായിരുന്നത്. ആന്തരിക അവയവങ്ങൾ രക്തത്തിൽ മുങ്ങി. ശരീരത്തിലെ രക്തമെല്ലാം നഷ്ടപ്പെട്ടു. എച്ച്.ബി. മൂന്നിലെത്തി. പ്രഷർ ഒട്ടുമില്ല. മരണത്തിലേക്കു മെല്ലെ അടുക്കുന്ന സാഹചര്യം. ഉച്ചയ്ക്ക് 1:45 ന് ആരംഭിച്ച ഓപ്പറേഷന് ഒടുവിൽ 10 മണിക്ക് പുറത്തെത്തിയ ഡോക്ടർ പറഞ്ഞത് "ഞങ്ങൾക്ക് ചെയ്യാവുന്നതെല്ലാം ചെയ്തു. നിങ്ങൾ പ്രാർത്ഥിക്കുക". സ്റ്റിച്ച് ഇടാൻ കഴിയാത്ത സാഹചര്യം. മെഡിക്കൽ എത്തിക്സിന് വിപരീതമായി അവർ ഗോസ്പാഡും പഞ്ഞിയും ഉള്ളിൽ വെച്ച് തുന്നികെട്ടി. മരുന്നുകൾ ഒന്നൊന്നായി ആ ശരീരത്തിൽ കയറിയിറങ്ങി. ഐ.സി.യുവിലേക്ക് അഞ്ജലിയെ മാറ്റി. ഇനിയെല്ലാം ദൈവത്തിന്റെ കൈകളിലെന്ന് പറഞ്ഞ് ഇറങ്ങിവന്ന ഡോക്ടർമാരുടെ വാക്കുകൾ മാതാപിതാക്കൾക്ക് താങ്ങുവാൻ കഴിഞ്ഞില്ല. മകൾ മരണത്തിലേക്ക് നീങ്ങുകയാണോ എന്ന ചിന്തയോടെ അവർ ഐ.സി.യുവിന് വെളിയിൽ പ്രാർത്ഥനയോടെ ഇരുന്നു. അഞ്ജലിയുടെ മരണശേഷം മൃതശരീരവുമായി എവിടേക്കാണ് പോകേണ്ടത് എന്ന ചിന്തയായി മനസ്സിൽ. മാതാവിന്റെ ഭവനമായ മാവേലിക്കര വീട്ടിലേക്കാണോ കരുനാഗപ്പള്ളിയിലെ വീട്ടിലേക്കാണോ എന്ന ചിന്ത മനസ്സിലേക്ക് വന്നപ്പോൾ പിടയ്ക്കുന്ന ഹൃദയവുമായി ആ മാതാപിതാക്കൾ അവസാനമായി അഞ്ജലിയെ കാണുവാനായി ഐ.സി.യുവിലേക്ക് ഓടിച്ചെന്നു. അവിടെ അവരെ കാത്തിരുന്നത് വലിയ



ഒരു അത്ഭുതമാണ്. അഞ്ജലിക്ക് ബോധം തിരിച്ചുകിട്ടിയിരിക്കുന്നു. നിറക്കണ്ണുകളോടെ എത്തിയ മാതാപിതാക്കളെ അവൾ ബലഹീനമായ കൈകൾ അനക്കി തന്റെ അടുത്തേക്ക് വിളിച്ചു. അതറിഞ്ഞ് ആസ്റ്റർ മെഡ്സിറ്റിയിലെ എല്ലാ ഡോക്ടർമാരും അവിടേക്ക് ഓടിയെത്തി. ആ രാത്രി അത്ഭുതം നടക്കുകയായിരുന്നു. മരണത്തിനും ജീവനുമിടയിലായി അഞ്ജലി സഞ്ചരിച്ചുകൊണ്ടിരുന്നു. തന്നെ കീഴടക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്ന മരണത്തെ അതിജീവിച്ച് അവൾ ജീവനിലേക്ക് മടങ്ങിയെത്തി. അവൾ ആ രാത്രിയിൽ, മരണം വാതിൽക്കൽ എത്തിയ ആ രാത്രിയിൽ മനോഹരമായ ഒരു ദർശനം കണ്ടു. വെള്ളവസ്ത്രം അണിഞ്ഞ് യേശുകർത്താവ് പടികൾ കയറിപ്പോകുന്നു. അവനോടൊപ്പം എത്തുവാൻ കഴിയാതെ വിഷമിച്ച അഞ്ജലിയോട് അവൻ പറഞ്ഞു "നിനക്കായി പ്രാർത്ഥിക്കുന്ന അനേകർ ഭൂമിയിലുണ്ട്. നീ ഇപ്പോൾ എന്നോടൊപ്പം വരേണ്ട. നിനക്ക് നിർവ്വഹിക്കുവാനുള്ള ദൗത്യം ഞാൻ അവിടെ ഏൽപ്പിച്ചിട്ടുണ്ട്. അവിടേക്ക് മടങ്ങുക".

തന്റെ ശരീരത്തിലെ ഗുരുതര സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് വൈദ്യശാസ്ത്രം എഴുതിയ വിധി ഒന്നുകിൽ മരണം അല്ലെങ്കിൽ ജീവിതകാലം മുഴുവനും ശയ്യാലംബയായി തളർന്ന് കിടക്കുക എന്നതായിരുന്നു. എന്നാൽ ദൈവത്തെ പൂർണ്ണമായി വിശ്വസിച്ച അഞ്ജലി അവന്റെ വാക്കുകളെ മുറുകെ പിടിച്ചു. വൈദ്യശാസ്ത്രത്തിന്റെ വിധിയെ മാറ്റിയെഴുതി അവൾ ജീവിതത്തിലേക്ക് നടക്കുകയാണ്. പുറകിലേക്ക് തിരിഞ്ഞുനോക്കി താൻ നടന്നുവന്ന വഴികൾ തിരിച്ചറിഞ്ഞ് അനേകരോട് തന്നെ വിടുവിച്ച തന്റെ ആത്മപ്രീയനെക്കുറിച്ച് പറയുകയാണ്. ഞാൻ കഷ്ടതയിലായത് ഏറെ ഗുണമായെന്ന സങ്കീർത്തനക്കാരന്റെ വാക്കുകൾ പോലെ ദൈവം തനിക്ക് നൽകിയ അനുഭവങ്ങൾ മറ്റുള്ളവർക്ക് ആശ്വാസത്തിനും വിടുതലിനുമായി അഞ്ജലി ഉപയോഗിക്കുകയാണ്. തനിക്കായി പ്രാർത്ഥിച്ചവർ, സർജറിക്കുവേണ്ടി വലിയ തുക ആവശ്യമായി വന്നപ്പോൾ ആവശ്യപ്പെടാതെ സഹായഹസ്തവുമായി എത്തിയ കൂട്ടുകാർ, വാക്കുകൾകൊണ്ട് ധൈര്യപ്പെടുത്തിയ ഇവരെയെല്ലാം അഞ്ജലി നന്ദിയോടെ സ്മരിക്കുന്നു. മാവേലിക്കര ചെറുകോലുള്ള മാതൃഭവനത്തിൽ വിശ്രമിക്കുന്ന അഞ്ജലിക്ക് എത്തുന്ന ഫോൺകോളുകൾ അനവധി. ജീവിതത്തിന്റെ പ്രതിസന്ധികളിൽ പലരും അഞ്ജലിയെ വിളിക്കുന്നത് ആശ്വാസത്തിനുവേണ്ടിയാണ്. അഞ്ജലിയുടെ വാക്കുകൾ അവർക്ക് നൽകുന്നത് വലിയ ധൈര്യവും ആശ്വാസവും. ക്രിസ്തുവിന്റെ സ്നേഹവും ദൈവം നൽകിയ വചനങ്ങളും പങ്കിടുക എന്നത് തന്റെ ദൗത്യമായി അഞ്ജലി കരുതുന്നു. തന്നെക്കുറിച്ചുള്ള ദൈവഹിതം തിരിച്ചറിഞ്ഞ അഞ്ജലി ദൈവീക ദൗത്യം പൂർത്തിയാക്കുക എന്ന ജീവിതലക്ഷ്യത്തിലാണ്. അഞ്ജലിയുമായി സംസാരിക്കുമ്പോൾ മുഖത്തുവിരിയുന്ന പുഞ്ചിരിയും ദൈവീക കരുതലിനെക്കുറിച്ചും വിടുതലിമെറിച്ചും പറയുന്ന വാക്കുകളും നമ്മിലേക്ക് പകരുന്നത് ഒരു പോസിറ്റീവ് എനർജി തന്നെയാണ്. 14–ാം വയസ്സിൽ ആരംഭിച്ച വേദനയുടെ ട്രാക്കിലൂടെയുള്ള ഓട്ടം 26–ാം വയസ്സിൽ പൂർണ്ണമായിട്ടില്ല. സർജറിയുടെയും മറ്റും അല്പമായ പ്രയാസത്തോടെ വിശ്രമിക്കുന്ന അഞ്ജലിയുടെ കണ്ണുകളിൽ കാണുന്നത് പ്രത്യാശയുടെയും ധൈര്യത്തിന്റെയും മിന്നലാട്ടമാണ്. അത് ക്രിസ്തുവിലൂടെ ലഭ്യമായതാണ്. ഞാനും പാസ്റ്റർ ഗ്ലാഡ്സണും പ്രാർത്ഥിച്ചിറങ്ങുമ്പോൾ ബലഹീന കരങ്ങൾ വീശി അഞ്ജലി യാത്ര അയക്കുവാൻ വാതിൽക്കൽ നിന്നിരുന്നു. ഒരു അത്ഭുതമാണ് അവിടെ നിൽക്കുന്നത്. ദൈവം തന്റെ വലങ്കരം നീട്ടി മരണത്തിൽ നിന്നും വലിച്ചെടുത്ത അത്ഭുതം അഥവാ ക്രിസ്തുവിന്റെ ജീവിക്കുന്ന സാക്ഷി.

ലേഖനം

# തൊഴിലും, തൊഴിലിടങ്ങളും സന്തോഷഭരിതമാകട്ടെ



ടോംസ് ആന്റണി
Ph : 9447232512

ഏതു തൊഴിൽ തെരഞ്ഞെടുക്കണം? എങ്ങിനെ മനസ്സിനിണങ്ങുന്ന തൊഴിൽ സ്വായത്തമാക്കണം? ഇക്കാര്യങ്ങൾ ചിന്തിക്കുമ്പോൾ ഇന്നത്തെ ചെറുപ്പക്കാർ പലരും അസ്വസ്ഥതയും, ആശങ്കയും പ്രകടിപ്പിക്കാറുണ്ട്. നമ്മുടെ സ്വപ്നങ്ങൾക്കനുസൃതമായ ഒരു തൊഴിൽ ലഭിക്കുക എന്നത് ഒരു ഭാഗ്യം തന്നെയാണ്.

അംബരചുംബിയായ ഒരു സ്റ്റാർ ഹോട്ടലിനു മുന്നിലൂടെയായിരുന്നു രണ്ടു ചെറുപ്പക്കാർക്ക് തങ്ങൾ പഠിക്കുന്ന സ്ഥാപനത്തിലേയ്ക്ക് പോകേണ്ടിയിരുന്നത്. പ്രൗഢമായ ആ ഹോട്ടലിലേയ്ക്ക് അവരിലൊരു ചെറുപ്പക്കാരൻ സാകൂതം വീക്ഷിക്കുക പതിവായിരുന്നു. ആഡംബരകാറിൽ കോട്ടും ടൈയുമൊക്കെ ഇട്ട് ഒരാൾ ആ ഹോട്ടലിലേയ്ക്ക് എല്ലാ ദിവസവും വന്നിറങ്ങുന്നു. "ആരാണയാൾ"? ചെറുപ്പക്കാരിലൊരാൾ അന്വേഷിച്ചു. ആ ഹോട്ടലിലെ സപ്ലൈയറാണ്. നല്ല വരുമാനം! നല്ല ഒരു തുക ടിപ്പ് ആയി കിട്ടും. മാസം ലക്ഷങ്ങളുടെ വരുമാനം. ആ ചെറുപ്പക്കാരന്റെ മനസ്സിൽ ഒരു ആഗ്രഹമുദിച്ചു. എങ്ങിനെയും പഠിച്ചു മിടുക്കനായി ഈ ഹോട്ടലിലെ സപ്ലൈയറായി മാറണം. കൂട്ടുകാർ തമ്മിൽ പിരിഞ്ഞു.

ഏതാനും വർഷങ്ങൾക്കുശേഷം ഈ ചെറുപ്പക്കാരൻ ആ ഹോട്ടലിലെ സപ്ലൈയറായി മാറി. ആഡംബര കാർ, കോട്ട്, ടൈ എന്നിവയുടെ അകമ്പടിയോടെ അയാൾ അഭിമാനപൂർവ്വം ജോലിചെയ്തുപോന്നു. ഒരിക്കൽ ആ ഹോട്ടലിനു മുന്നിൽ ഒരു ബോർഡ് പ്രത്യക്ഷപ്പെട്ടു. "രാജ്യത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥന് ഈ ഹോട്ടലിലേയ്ക്ക് സ്വാഗതം." ചെറുപ്പക്കാരനു സന്തോഷമായി. രാജ്യത്തെ ദിശാബോധത്തോടെ നയിക്കുന്ന മിടുക്കനായ രാജ്യത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥൻ ഈ ഹോട്ടലിൽ വരുന്നു. അദ്ദേഹത്തെ ഒന്ന് കാണാമല്ലോ എന്ന് വിചാരിച്ചിരിക്കുമ്പോൾ ഹോട്ടൽ മാനേജർ ഈ ചെറുപ്പക്കാരനെ അദ്ദേഹത്തെ സ്വീകരിക്കാനും, ഭക്ഷണം നൽകുവാനുമുള്ള ചുമതല ഏല്പിച്ചു. ചെറുപ്പക്കാരന്റെ സന്തോഷം ഇരട്ടിയായി.

അത്യധികം സ്നേഹാദരങ്ങളോടെ ആ ചെറുപ്പക്കാരൻ ആ രാജ്യത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥനെ സ്വീകരിച്ചു. ഭക്ഷണം നൽകി. ഉദ്യോഗസ്ഥന് വലിയ സന്തോഷമായി. അദ്ദേഹം നല്ല ഒരു തുക 'ടിപ്പ്' ആയി ചെറുപ്പക്കാരന് നൽകി. ചെറുപ്പക്കാരൻ അത്ഭുതപ്പെട്ടു. ഇത്ര വലിയ തുക ഇന്നുവരെ തനിക്ക് ടിപ്പ് ആയി ആരും തന്നിട്ടില്ല. അദ്ദേഹത്തിന് തെറ്റിയതാവാം എന്നും കരുതി തുകയുടെ പകുതി തിരിച്ചുകൊടുക്കുവാൻ ഒരുങ്ങിയപ്പോൾ ആ ഉദ്യോഗസ്ഥൻ പുഞ്ചിരിച്ചുകൊണ്ട് ചെറുപ്പക്കാരനോട് പറഞ്ഞു. "സ്നേഹിതാ, വർഷങ്ങൾക്കു മുമ്പ് ഈ ഹോട്ടലിനുമുന്നിൽ നിന്നോടൊപ്പം നിന്നത് ഞാനാണ്. നീ ഈ ഹോട്ടലിലെ സപ്ലൈയർ ആകാൻ ആഗ്രഹിച്ചു. പക്ഷേ ഞാൻ 'ടിപ്പ്' കൊടുക്കുന്ന ഈ രാജ്യത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥനായിത്തീരാൻ ആഗ്രഹിച്ചു.".

പ്രിയ യുവജനങ്ങളെ, കൊച്ചു കൊച്ചു സ്വപ്നങ്ങളല്ല തൊഴിൽ മേഖലയിൽ നമ്മെ നയിക്കേണ്ടത്. തൊഴിൽ മേഖലയിൽ നാം ഉയർന്ന സ്വപ്നങ്ങൾ കാണണം. നമ്മുടെ കഴിവിനും, അഭിരുചിക്കും, സാധ്യതകൾക്കും പറ്റുന്ന തരത്തിൽ പരമാവധി ഉയരങ്ങൾ കീഴടക്കുവാൻ സാധിക്കുമ്പോഴാണ് ഒരു വ്യക്തി തൊഴിൽ രംഗത്ത് വിജയിച്ചു എന്ന് പറയാനാകുന്നത്.

നമ്മുടെ നാട്ടിൽ സിവിൽ സർവ്വീസ് ഉൾപ്പെടെയുള്ള ഉയർന്ന മേഖലകളിൽ പ്രശോഭിക്കാൻ കഴിവുള്ള ഒത്തിരി ചെറുപ്പകാരുണ്ട്. പക്ഷെ അവരൊക്കെ പെട്ടെന്നുള്ള വരുമാനം തേടി മറ്റുമേഖലകളിലേക്ക് ദിശമാറി സഞ്ചരിക്കുന്നു എന്നത് ദുഃഖകരമാണ്. ഡോക്ടറാകുവാൻ പാടവമുള്ളവർ എത്രയോപേർ നേഴ്സിംഗ് മേഖല തെരഞ്ഞെടുത്തു! ഇഷ്ടമില്ലാത്ത കോഴ്സിനും, ജോലിക്കും പോയി ജീവിതത്തോടുതന്നെ വിരക്തിയായവർ ഒട്ടേറെപ്പേർ!

എന്തിനാണ് നാം തൊഴിൽ ചെയ്യുന്നത്? നാം നമ്മോടുതന്നെ ചോദിക്കേണ്ട ഒരു ചോദ്യമാണ്. വരുമാനം മാത്രമാണ് നമ്മുടെ തൊഴിലിന്റെ ലക്ഷ്യമെങ്കിൽ ആ തൊഴിൽ നമുക്ക് പലപ്പോഴും വിരസത ജനിപ്പിക്കും. മറിച്ച് വരുമാനത്തോടൊപ്പം സൗഹൃദത്തിനുള്ള അവസരം, മറ്റുള്ളവരെ സഹായിക്കാനുള്ള അവസരം, എല്ലാറ്റിനുമുപരി ജീവിത വിജയം നേടാനുള്ള അവസരം എന്നിങ്ങനെ തൊഴിലിനെ മാറ്റുമ്പോഴാണ് തൊഴിൽ അർത്ഥപൂർണ്ണമാകുന്നത്.

ഇഷ്ടമില്ലാത്ത തൊഴിലാണ് നാം ചെയ്യുന്നതെങ്കിൽ നമുക്കു മുമ്പിൽ രണ്ടുവഴികളേ ഉള്ളൂ. ഒന്നുകിൽ ഇന്നുതന്നെ ആ തൊഴിൽ ഉപേക്ഷിക്കുക, അല്ലെങ്കിൽ ആ തൊഴിലിനെ ഇഷ്ടപ്പെട്ടു തുടങ്ങുക.

നമുക്കെല്ലാവർക്കും വിവിധതരം ഹോബികളുണ്ട്. നന്നായി ചിത്രം വരയ്ക്കുന്നവരുണ്ട്; സ്പോർട്സിനോട് താൽപര്യമുള്ളവരുണ്ട്; അദ്ധ്യാപനകല സ്വായത്തമാക്കിയവരുണ്ട്; രോഗികളെ ശുശ്രൂഷിക്കാൻ താല്പര്യമുള്ളവരുണ്ട്; സംഘടനാമികവുള്ളവരുണ്ട്; നേതൃത്വവാസനയുള്ളവരുണ്ട്; ഏതെങ്കിലും സംരംഭം ഏറ്റെടുത്തു വിജയിപ്പിക്കാൻ കഴിവുള്ളവരുണ്ട്; അങ്ങിനെ വിവിധ കഴിവുകൾ സ്വായത്തമാക്കിയിട്ടുള്ളവരാണ് നാം ഓരോരുത്തരും. ഈ കഴിവുകളെ നമ്മുടെ തൊഴിലുമായി കൂട്ടിയിണക്കാൻ കഴിഞ്ഞാൽ നമ്മുടെ തൊഴിൽ ആയാസരഹിതമാകും, സന്തോഷഭരിതമാകും.

ഓരോരുത്തരും തങ്ങളുടെ അഭിരുചികൾക്കനുസരിച്ചു മാത്രമേ തൊഴിൽ മേഖല തെരഞ്ഞെടുക്കാവൂ. അഭിരുചികൾ കണ്ടെത്താനുള്ള അനേകം ശാസ്ത്രീയമാർഗ്ഗങ്ങൾ ഇന്ന് നിലവിലുണ്ട്. അവയെ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുകയും വേണം.

അതായത് നമ്മുടെ ഹോബികളെ തൊഴിലാക്കി മാറ്റുവാൻ നമുക്കു കഴിയുമോ ? അഥവാ നമ്മുടെ തൊഴിലിനെ ഹോബിയാക്കി മാറ്റാൻ നമുക്ക് കഴിയുമോ? ഇതിൽ ഏതെങ്കിലുമൊന്നിൽ നാം വിജയിച്ചാൽ നമ്മുടെ തൊഴിൽ ജീവിതം ആഹ്ലാദഭരിതമായിത്തീരും. അല്ലെങ്കിൽ ഏറ്റവും ദുരിതം പിടിച്ച ഒന്നായി നമ്മുടെ തൊഴിലും, തൊഴിലിടങ്ങളും മാറും.

നമ്മുടെ കഴിവുകളേയും, സാധ്യതകളേയും സൗഹൃദവലയങ്ങളെയും തൊഴിൽമേഖലയിൽ ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞാൽ തൊഴിൽരംഗത്ത് നാം വിജയിച്ചു എന്നർത്ഥം.

നമ്മുടെ തൊഴിലിടങ്ങളിൽ സൗഹാർദ്ദത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കാൻ നമുക്ക് കഴിയണം. പരസ്പരം കുറ്റം പറഞ്ഞും, അസൂയയും, പരിഭവങ്ങളും, പാരവയ്പുകളും കൊണ്ട് തൊഴിലിടങ്ങളെ മലീമസമാക്കിയാൽ നമ്മുടെ മനസ്സു തന്നെയാണ് മലീമസമാകുന്നത് എന്ന് ഓർക്കണം. നമ്മുടെ തൊഴിൽ നമുക്ക് വിരക്തിയുണ്ടാക്കുന്നുവെന്നർത്ഥം. വീട്ടിലെ പ്രശ്നങ്ങളും, നമ്മുടെ മനോനിലയും ഒന്നും തൊഴിൽ രംഗത്തേക്ക് വലിച്ചിഴക്കാതിരിക്കുക.

ഐ.എ.എസ്. എടുത്ത് കളക്ടറായി വിരാജിക്കുമ്പോൾ ഒരു പാവപ്പെട്ടവൻ അവന്റെ സങ്കടം പറയുവാൻ നമ്മുടെ മുന്നിൽ വരുമ്പോൾ അവന്റെ വേദന തിരിച്ചറിയുവാൻ കഴിയാത്ത ഒരു ഐ.എ.എസ്. കാരനെക്കൊണ്ട് എന്തുകാര്യം ? ഏത് രംഗത്ത് തൊഴിൽ ചെയ്താലും പാവപ്പെട്ടവന്റെയും വേദനിക്കുന്നവന്റെയും കണ്ണീരൊപ്പാൻ കഴിയാതെ വന്നാൽ, അവരെ പുച്ഛമനോഭാവത്തോടെയാണ് കാണുന്നതെങ്കിൽ എന്തുകാര്യം?

നമുക്ക് വേണ്ടത് അർപ്പണബുദ്ധിയുള്ള, മൂല്യബോധമുള്ള, അഴിമതിരഹിതമായ, സാമൂഹികപ്രതിബദ്ധതയുള്ള തൊഴിലും, തൊഴിൽ രംഗങ്ങളുമാണ്.

കേരളത്തിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനോട് അദ്ദേഹത്തിന്റെ മകൻ ഒരിക്കൽ ചോദിച്ചു.

"പപ്പാ, ഞാൻ ആരാകണമെന്നാണ് പപ്പായുടെ ആഗ്രഹം.?"

മകന് ഒരിക്കലും പ്രതീക്ഷിക്കാത്ത ഉത്തരമാണ് ലഭിച്ചത്.

"മോൻ ആരായാലും കുഴപ്പമില്ല. ഒരു അദ്ധ്യാപകനോ, മറ്റേതെങ്കിലും തൊഴിലോ ചെയ്യുന്ന ഒരുവനോ ആയാൽ മതി. നീ അദ്ധ്യാപകവൃത്തിയാണ് സ്വീകരിക്കുന്നതെങ്കിൽ ആ നാട്ടിലെ ഏറ്റവും മിടുക്കനായ, നലംതികഞ്ഞ, കുട്ടികളെ ആത്മാർത്ഥമായി സ്നേഹിക്കുന്ന സമർപ്പണബോധമുള്ള അദ്ധ്യാപകൻ ആര് എന്ന് ആ നാട്ടിൽ തിരക്കിയാൽ എന്റെ മോന്റെ പേര് പപ്പായ്ക്ക് കേൾക്കണം."

അതെ. നാം ഏത് തൊഴിൽ മേഖല തെരഞ്ഞെടുത്താലും ആ രംഗത്തെ ഏറ്റവും മിടുക്കരാകാൻ, സമർപ്പണ മനോഭാവമുള്ളവരും മൂല്യബോധമുള്ളവരാകാൻ നമുക്കു കഴിയണം.

നന്നായി പരിശ്രമിക്കുക. ദൃഢനിശ്ചയത്തോടെ നമ്മുടെ സ്വപ്നമായ തൊഴിൽ മേഖലയിലേയ്ക്കുള്ള ചുവടുകൾ വയ്ക്കുക. ഉറപ്പായും നമുക്ക് ആ രംഗത്ത് എത്തിച്ചേരാൻ കഴിയും. ചിട്ടയോടെയുള്ളതും, ശാസ്ത്രീയവുമായ പഠനമാർഗ്ഗങ്ങളാണ് അതിനായി നാം അവലംബിക്കേണ്ടത്.

തൊഴിലിടങ്ങൾ നമ്മുടെ രണ്ടാമത്തെ വീടാണ്. തൊഴിൽ ദുരിതപൂർണ്ണമായാൽ അത് നമ്മുടെ ജീവിതത്തിന്റെ ആനന്ദത്തെയാണ് തല്ലിക്കെടുത്തുന്നത്. നല്ല തൊഴിൽ കണ്ടെത്തുവാൻ, കണ്ടെത്തിയ തൊഴിലിൽ അഭിമാനത്തോടെ തുടരാൻ, ആ രംഗത്ത് കൂടുതൽ അഭിവൃദ്ധി പ്രാപിക്കാൻ, തൊഴിലിടങ്ങളെ സന്തോഷപൂർണ്ണമാക്കാൻ, അതുവഴി ജീവിത വിജയം കരുപ്പിടിപ്പിക്കാൻ നമുക്ക് കഴിയട്ടെ.

# ഐപിസി മിഡ്‌വെസ്റ്റ് റീജിയൻ കൺവൻഷൻ സമാപിച്ചു



പാസ്റ്റർ ജെറിൻ തോമസ്



പാസ്റ്റർ കെ. ജെ. തോമസ്

**ഒക്കലഹോമ:** ഐപിസി മിഡ് വെസ്റ്റ് റീജിയൻ കൺവൻഷൻ സെപ്റ്റംബർ 1 മുതൽ 3 വരെ 401 എസ്. മെറിഡിയൻ അവന്യൂവിലുള്ള ബിൽറ്റ്മോർ ഹോട്ടലിൽ നടന്നു. പാസ്റ്റർമാരായ കെ. ജെ. തോമസ്, ജെറിൻ തോമസ്, സിസ്റ്റർ സൂസൻ ജോർജ് എന്നിവർ പ്രസംഗിച്ചു. കൺവൻഷനോടനുബന്ധിച്ച് ശനിയാഴ്ച പകൽ പിവൈപിഎ താലന്തുപരിശോധന, സഹോദരി സമ്മേളനം, ഉണർവുയോഗം എന്നിവ നടന്നു. പാസ്റ്റർമാരായ ഷാജി ഡാനിയേൽ (പ്രസിഡന്റ്), കെ. വി. തോമസ്, (വൈസ് പ്രസിഡന്റ്), പി. സി. ജേക്കബ് (സെക്രട്ടറി), ബ്രദർ എസ്. പി. ജെയിംസ് (ജോ. സെക്രട്ടറി), ജോസ് സാമുവേൽ (ട്രഷറർ) എന്നിവർ നേതൃത്വം നൽകി.



# ഒരു സഹനത്തിന്റെ കഥ: അഞ്ജലിയുടെയും

**തയ്യാറാക്കിയത്: സാംകുട്ടി മാത്യു**



വേദനയിലും പുഞ്ചിരി വിടാതെ കഴുത്തു നേരെയാക്കാൻ തലയോട്ടി കിഴിച്ച് 6 കിലോ ഭാരം ഇട്ട് ഐ. സി. യുവിൽ

**2016** ഡിസംബർ 11 മലയാള മനോരമയുടെ സപ്ലിമെന്റിൽ വന്ന കഥയാണ് ഞങ്ങളെ അഞ്ജലിയുടെ ഭവനത്തിൽ എത്തിച്ചത്. വൈദ്യശാസ്ത്രം സാധ്യമല്ല എന്ന് പറഞ്ഞയിടത്ത് ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും ആശ്രയവും കൊണ്ട് മരണത്തെ തോല്പിച്ച പെൺകുട്ടിയുടെ കഥ ആരെയും അത്ഭുതപരതന്ത്രരാക്കും. ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോൾ 14-ാം വയസ്സിൽ നൂറു മീറ്റർ ഓട്ടത്തിൽ ആലപ്പുഴ ജില്ലാ ചാമ്പ്യനായിരുന്ന അഞ്ജലി തുടർന്ന് ശരീരം നുറുങ്ങുന്ന വേദനയുമായി ഓടിത്തീർത്തത് ഒരു വ്യാഴവട്ടക്കാലം. വേദനയുടെ ദുരിതം തന്നെ വേട്ടയാടുമ്പോഴും പുഞ്ചിരിയോടെ ആ വേദനകളെ ആശ്ലേഷിച്ച അഞ്ജലി മറിയം മാത്യുവിന്റെ ജീവിതകഥ അവിശ്വസനീയമെന്ന് തോന്നുന്ന നിലയിൽ ഒരു ദൈവീക വിടുതലിന്റെ കഥ കൂടിയാണ്. തന്നിൽ ആശ്രയിക്കുന്നവരെ വിടുവിക്കുന്ന യേശുവിന്റെ സ്നേഹത്തിന്റെ കഥ.



ലേഖകനും പാസ്റ്റർ ഗ്ലാഡ്സൺ വി. കരോട്ടും അഞ്ജലിയോടൊപ്പം

കരുനാഗപ്പള്ളി കൊച്ചുപുരയിൽ മാത്യു തോമസിന്റെയും മാവേലിക്കര ചെറുകോൽ ആറ്റുപുറത്ത് റീനാ മാത്യുവിന്റെയും മക്കളിൽ മൂത്തയാളാണ് അഞ്ജലി. ഈ ദമ്പതികൾക്ക് അശ്വനി, അമൽ എന്നീ രണ്ടുമക്കൾ കൂടിയുണ്ട്. രാഷ്ട്രീയ രംഗത്തും കാർഷിക രംഗത്തുമൊക്കെ സജീവമായിരുന്നു മാത്യു തോമസ്. മിടുക്കിയായ അഞ്ജലി പാഠ്യേതരവിഷയങ്ങളിലും കഴിവ് തെളിയിച്ചു. 2004 തന്റെ ജീവിതത്തെ മാറ്റിമറിച്ച വർഷമാണ്. കൊല്ലത്ത് നടക്കുന്ന ഓട്ടമത്സരത്തിനു വേണ്ടിയുള്ള ഒരുക്കത്തിലായിരുന്നു അഞ്ജലി. എന്നാൽ ഓട്ടത്തിനിടയിൽ ബാലൻസ് ലഭിക്കാതെ ട്രാക്ക് മാറുന്നത് നിത്യസംഭവമായി. ഇത് വൈദ്യന്മാരും ഡോക്ടർമാരുമൊക്കെ നിസാര സംഭവമായി കണ്ട് ചികിത്സ ചെയ്തെങ്കിലും രോഗം ഭേദമായില്ല. കൊല്ലത്തെ ഓട്ടമത്സരത്തിനിടയിലാണ് തന്റെ ജീവിതത്തെ മാറ്റിമറിച്ച നിലയിലേക്ക് കാര്യങ്ങൾ മാറുന്നത്. തന്റെ ട്രാക്കിൽ നിന്ന് മാറി ഒരു വശത്തേക്ക് കുഴഞ്ഞുവീണ അഞ്ജലിയെ അടിയന്തിര ചികിത്സയ്ക്കായി കൊല്ലം ശങ്കേഴ്സ് ആശുപത്രിയിലേക്ക് മാറ്റി. അവിടെ നടത്തിയ പരിശോധനയിലാണ് രോഗത്തിന്റെ ഗുരുതരാവസ്ഥ ബോധ്യമാകുന്നു. നട്ടെല്ലിന്റെ രണ്ട് കണ്ണികൾ പൂർണ്ണമായി ദ്രവിച്ചുപോയിരിക്കുന്നത്. തളർച്ച ശരീരത്തിന്റെ അവയവങ്ങളിലേക്ക് വ്യാപിക്കുന്ന അവസ്ഥയിലാണ്. 8 മണിക്കൂറിനുള്ളിൽ വിദഗ്ദ ചികിത്സ ലഭിച്ചില്ലെങ്കിൽ ശരീരം പൂർണ്ണമായും തളർന്നുപോകുമെന്ന ഡോക്ടറുടെ മുന്നറിയിപ്പ് കുടുംബത്തിന്റെമേൽ നിരാശയുടെ കരിനിഴൽ വീഴ്ത്തി. അമൃത ഹോസ്പിറ്റലിൽ വിദഗ്ദ ചികിത്സയ്ക്കായി പ്രവേശിപ്പിച്ച അഞ്ജലിയുടെ രോഗകാരണം കണ്ടുപിടിക്കുവാനുള്ള ശ്രമത്തിലായിരുന്നു ഡോക്ടർമാർ. ബോൺ ടി.ബി.യോ, ക്യാൻസറോ ആയിരിക്കുവാനാണ് സാധ്യതയെന്ന നിഗമനത്തിൽ ഡോക്ടർമാർ എത്തിച്ചേർന്നു. ബയോപ്സി റിപ്പോർട്ട് ലഭിക്കും മുമ്പ് തന്നെ ശസ്ത്രക്രിയയ്ക്കായി ഡോക്ടർമാർ തയ്യാറായി. ഇതിനിടയിൽ ബോൺ ടി. ബി. അല്ല എന്ന റിപ്പോർട്ട് എത്തി. ശരീരത്തിന്റെ പുറംഭാഗം തുറന്ന് ശസ്ത്രക്രിയ ആരംഭിച്ചു. 9 മണിക്കൂറിലധികം നീണ്ട ആ ശസ്ത്രക്രിയ നടക്കുമ്പോഴാണ് തന്റെ നട്ടെല്ലിൽ ബാധിച്ചിരിക്കുന്ന വലിയ ട്യൂമർ ഡോക്ടർമാരുടെ ശ്രദ്ധയിൽ പെടുന്നത്. ട്യൂമർ പൂർണ്ണമായി നീക്കുവാനുള്ള ശ്രമം പരാജയപ്പെട്ടു. ദ്രവിച്ച നട്ടെല്ലിന്റെ കണ്ണികൾക്കു പകരം ടൈറ്റാനിയം സ്ക്രൂവും ഇംപ്ലാന്റ്സും ഇട്ടു. ട്യൂമറിന്റെ ബയോപ്സിയുടെ റിസൾട്ടിൽ ക്യാൻസർ ആണെന്ന് മനസ്സിലായി. പതിനാലുവയസ്സുകാരിയായ അഞ്ജലിക്ക് ആറുമാസത്തെ ആയുസ്സുമാത്രം വിധിയെഴുതി ഡോക്ടർമാർ നിസ്സഹായരായി നിന്നു. വീണ്ടും ബയോപ്സിക്കായി അയച്ചു. അവിടെ അത്ഭുതം ആരംഭിക്കുകയായി. വിവിധ പ്രാർത്ഥനാ സഹകാരികളെ വിളിച്ച് പ്രാർത്ഥിക്കുവാൻ അപേക്ഷിച്ചു. ബയോപ്സി റിപ്പോർട്ടിൽ ക്യാൻസർ ഇല്ല. ഡോക്ടർമാർ അതിനെ വിശ്വസിക്കുവാൻ തയ്യാറായില്ല. അതുകൊണ്ടുതന്നെ വീണ്ടും പുറത്ത് പരിശോധനയ്ക്കായി അയച്ചു. ആ റിസൾട്ടും ക്യാൻസർ ഇല്ലായെന്നു തന്നെ. എന്നാൽ ട്യൂമറിന്റെ ബാക്കി ഭാഗം നീക്കം ചെയ്ക എന്നത് അത്യന്തം അപകടകരമായതിനാൽ ഡോക്ടർമാർ അതിന് തുനിഞ്ഞില്ല. ഒമ്പതാം ക്ലാസ്സിൽ പോകുവാൻ കഴിയാതെ ഇരുന്ന അഞ്ജലിക്ക് പത്താംക്ലാസ്സിലേക്ക് പ്രവേശനം നൽകി. ഇനി ഭയപ്പെടുവാനൊന്നുമില്ലെന്നും സാധാരണ ആളുകളെപ്പോലെ ഏതു ജോലിയും ചെയ്യുന്നതിനും കുഴപ്പമില്ല എന്ന ഡോക്ടറുടെ ഉപദേശം മൂലം വീണ്ടും ദീർഘദൂരം സൈക്കിളും ചവിട്ടിയും മറ്റുമാണ് സ്കൂളിലേക്ക് പോയിക്കൊണ്ടിരുന്നത്. പത്താം ക്ലാസ്സിലും പ്ലസ്ടുവിലും ഉയർന്ന മാർക്ക് വാങ്ങി വിജയിച്ചു. ഇടയ്ക്കിടയ്ക്ക് വേദന അലട്ടുമായിരുന്നെങ്കിലും വലിയ പ്രശ്നമില്ലാതെ മുമ്പോട്ടു പോയി. പ്ലസ്ടു പഠനശേഷം ഉപരിപഠനത്തിന് എന്ത് തെരഞ്ഞെടുക്കണം എന്നതിന് അഞ്ജലിക്ക് സംശയം ഏതുമില്ലായിരുന്നു. ചെറിയ പ്രായത്തിലേ ആശുപത്രിവാസം നേഴ്സിംഗ് പ്രൊഫഷനോട് തന്നെ അടുപ്പിച്ചു. മറ്റുള്ളവർക്ക് ശുശ്രൂഷചെയ്യുവാനും സേവനം ചെയ്യുവാനുമുള്ള അവസരമായി നേഴ്സിംഗിനെ കണ്ട അഞ്ജലി ചെന്നൈ എസ്. ആർ. എം. മെഡിക്കൽ കോളജിൽ 2008-ൽ പഠനത്തിനായി ചേർന്നു. ആദ്യമാസം തന്നെ ശാരീരിക പ്രയാസങ്ങൾ തന്നെ അലട്ടുവാൻ ആരംഭിച്ചു. അനങ്ങുവാൻ കഴിയാത്ത നിലയിൽ കിടക്കയിലായി. എന്നാൽ വീട്ടിൽ അറിയിക്കാതെ ചില ദിവസങ്ങൾ മുമ്പോട്ട് തള്ളിവിട്ടെങ്കിലും അതിവേദനയും അനങ്ങുവാൻ കഴിയാത്ത നിലയിൽ തളർച്ചയും ആയപ്പോൾ ഹോസ്പിറ്റലിൽ നടത്തിയ പരിശോധനയുടെ ഫലം ഞെട്ടിപ്പിക്കുന്നതായിരുന്നു. നട്ടെല്ലിനെ ബലപ്പെടുത്തുവാൻ ഇട്ടിരുന്ന ടൈറ്റാനിയം ഇംപ്ലാന്റ്സ് ഒടിഞ്ഞു ശരീരത്തിന്റെ വിവിധഭാഗങ്ങളിൽ എത്തിനിൽക്കുകയാണ്. ഹൃദയത്തെയും ശ്വാസകോശത്തെയും തകർക്കുന്ന നിലയിൽ അപകടകരമായ സാഹചര്യം. ഒടുവിൽ ഡോക്ടർ തന്നെ മാതാപിതാക്കളെ വിളിച്ചുവരുത്തി. അപകടകരമായ സ്ഥിതിവിശേഷം അവരെ ബോധ്യപ്പെടുത്തി. അവിടെനിന്ന് വെല്ലൂർ മെഡിക്കൽ കോളജിൽ എത്തിയെങ്കിലും അവർ ഏറ്റെടുത്തില്ല. ആദ്യം സർജറി നടത്തിയിടത്തേക്ക് തന്നെ പോകുവാൻ നിർദ്ദേശിച്ചു. അമൃതയിൽ എത്തിയെങ്കിലും അവരും കൈയൊഴിഞ്ഞു. എം.ആർ.ഐ. റിപ്പോർട്ടുകൾ കാണിച്ച് ഇതിന്റെ അപകടം ബോധ്യം വരുത്തുവാനാണ് ഡോക്ടർമാർ ശ്രമിച്ചത്. കഴുത്തും തലയുമായുള്ള ബന്ധം ഉറപ്പിക്കേണ്ട നട്ടെല്ലിന്റെ ഭാഗത്ത് ഒരു സർജറി എന്നത് ഏറ്റവും അപകടകരം തന്നെയാണ്. സെർവിക്കൽ തൊറാസിസ് ജംഗ്ഷൻ എന്നത് എല്ലാ നാഡീഞരമ്പുകളും എത്തിച്ചേരുന്ന ഇടമാണ്. അവിടെയുള്ള ട്യൂമറും പ്രശ്നമായി നിൽക്കുന്നു. എന്തെങ്കിലും ചെറിയ ക്ഷതംപോലും ശരീരത്തിന് സ്ഥിരമായ തളർച്ച ഉണ്ടാക്കാം. അതുകൊണ്ട് തന്നെ ഡോക്ടർമാരെല്ലാവരും ആ റിസ്ക് ഏറ്റെടുക്കുവാൻ മടിച്ചു നിന്നു. ദൈവത്തിന്റെ ആലോചനയില്ലാതെ ഒരു സർജറി വേണ്ടായെന്നും ഏതെങ്കിലും ദൈവദാസന്മാരെക്കൊണ്ട് പ്രാർത്ഥിപ്പിച്ചിട്ട് തീരുമാനം എടുക്കാം എന്നുള്ള പിതാവ് മാത്യുവിന്റെ അഭിപ്രായം എല്ലാവരും സ്വീകരിച്ചു. അന്ന് രാവിലെ ടി.വിയിൽ കണ്ട ദേവസ്യ മുല്ലക്കരയുടെ പ്രസംഗത്തിൽ പെരുമ്പാവൂരിൽ തന്റെ കൺവൻഷന്റെ പരസ്യവും ഉണ്ടായിരുന്നു. അതിനുമുമ്പ് ഒരു പെന്തെക്കോസ്ത് യോഗങ്ങൾക്കും പോയിട്ടില്ല. എറണാകുളത്തുനിന്നും പെരുമ്പാവൂരിലേക്കുള്ള യാത്ര തന്നെ വളരെ റിസ്കുള്ളതായിരുന്നു. തലയും ശരീരവും തമ്മിൽ ഉറപ്പിച്ചു നിർത്തേണ്ട നട്ടെല്ലിന്റെ കണ്ണി ഇല്ലാത്ത സാഹചര്യത്തിൽ സഞ്ചരിക്കുന്ന വാഹനം ഏതെങ്കിലും കുഴിയിൽ ചാടിയാൽ പോലും ശരീരം പൂർണ്ണമായി തളരുവാനുള്ള സാധ്യതയും ഡോക്ടർമാർ മുന്നറിയിപ്പായി നൽകിയിരുന്നു. കൺവൻഷൻ സ്ഥലത്തെത്തി പ്രാർത്ഥനയിൽ പങ്കെടുക്കുമ്പോൾ അദ്ദേഹം നട്ടെല്ലിന് സുഖമില്ലാതെ വന്ന കുട്ടിക്ക് ഇപ്പോൾ സൗഖ്യം ആകുന്നു എന്നു പറഞ്ഞു. ഇതുവരെ ചെയ്യാൻ പറ്റാത്ത കാര്യങ്ങളെല്ലാം ഇനി ചെയ്യാം എന്ന് പറഞ്ഞു. ആദ്യമായാണ് ഇങ്ങനെ ഒരു രോഗശാന്തി ശുശ്രൂഷയും പ്രാർത്ഥനയുമൊക്കെ ഇവർ കാണുന്നത്. അങ്ങോട്ടുപോകുമ്പോൾ പപ്പായും മമ്മിയും അഞ്ജലിയുടെ കഴുത്ത് താങ്ങിപിടിച്ചാണ് വാഹനത്തിലിരുന്നത്. എന്നാൽ അവിടെനിന്നും പ്രാർത്ഥനയ്ക്ക് ശേഷം മടങ്ങുമ്പോൾ ദൈവീക വിടുതൽ വിശ്വസിച്ചു ഒരു ബസിലാണ് മടങ്ങിയത്. ധാരാളം കുഴികളുള്ള റോഡുകളിൽ യാത്ര ചെയ്തിട്ടും ഒരു കുഴപ്പവും ഉണ്ടായില്ല. ദിവസങ്ങൾ കഴിഞ്ഞപ്പോൾ വേദനയ്ക്കും ശമനമായി. ചില ദിവസങ്ങൾക്കുശേഷം വീണ്ടും അഞ്ജലിയുടെ ആവശ്യപ്രകാരം കോളേജിലേക്ക് മടങ്ങി. എം.ആർ.ഐ. സ്കാനിംഗിൽ പ്രശ്നങ്ങൾ അതേപടി നിലനിൽക്കുന്നതായിട്ടാണ് കണ്ടത്. എന്നാൽ ക്രിസ്തുവിലുള്ള വിശ്വാസം അഞ്ജലിയിൽ വളർന്നു. ദൈവസാന്നിധ്യം കൂടെയുണ്ട് എന്ന വലിയ വിശ്വാസം അഞ്ജലിയെ ധൈര്യപ്പെടുത്തി. വീണ്ടും കോളേജിലെത്തിയ അഞ്ജലി ആത്മീയ വഴിയിലേക്ക് എത്തുകയായിരുന്നു. തന്റെ സഹപാഠികളും റൂം മേറ്റ്സും ആയ പെന്തെക്കോസ്തുകാരായ കൂട്ടുകാരികളുടെ ജീവിതം താൻ ശ്രദ്ധിക്കുവാൻ തുടങ്ങി. അവരുടെ പ്രാർത്ഥനയും ജീവിത ശൈലിയുമൊക്കെ അഞ്ജലിയെ ആകർഷിച്ചു. മറ്റ് ക്രിസ്ത്യാനികളിൽ നിന്ന് ഇവർ വ്യത്യസ്തരാണെന്ന് തിരിച്ചറിഞ്ഞു. അവരോടൊപ്പം പ്രാർത്ഥിക്കുവാനും അവരുടെ ആരാധനയിൽ സംബന്ധിക്കുവാനും തുടങ്ങി. ദൈവവചനപഠനത്തിലൂടെ വിശ്വാസസ്നാനം എന്ന സത്യം തിരിച്ചറിഞ്ഞ് താൻ സ്നാനപ്പെടാൻ ആഗ്രഹിക്കുന്നുവെന്ന് മാതാപിതാക്കളെ അറിയിച്ചു.

ഇതേ സമയം അഞ്ജലിയുടെ ഭവനത്തിലും മാറ്റങ്ങൾ സംഭവിക്കുകയായിരുന്നു. ടി.വിയിൽ വരുന്ന ക്രിസ്ത്യൻ പ്രോഗ്രാമുകൾ ശ്രദ്ധിക്കുകയും വചനം പഠിക്കുകയും ദൈവിക ദർശനം ലഭിക്കുകയും ചെയ്തപ്പോൾ അവരും വിശ്വാസസ്നാനം സ്വീകരിക്കുവാൻ തീരുമാനിച്ചു. അങ്ങനെ അഞ്ജലി നാട്ടിൽ എത്തി പാസ്റ്റർ കെ. സി. ജോണിന്റെ കൈക്കീഴിൽ നെടുമ്പ്രം ഗോസ്പൽ സെന്ററിൽ വെച്ച് കുടുംബമായി വിശ്വാസസ്നാനം സ്വീകരിച്ചു. അനേകർ, ഈ സമയങ്ങളിൽ നേരിൽ പരിചയം ഇല്ലാത്തവർപോലും അഞ്ജലിയെ വിളിക്കുകയും എനിക്കായി പ്രാർത്ഥിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തുവന്നു. ഇടയ്ക്കിടക്ക് അലട്ടുന്ന വേദനയുടെ നടുവിൽ അനേകരുടെ പ്രാർത്ഥന ആശ്വാസമായി. ഈ സമയത്തും സർജറിക്കായി അനേക ആശുപത്രികളെ സമീപിച്ചെങ്കിലും ആരും റിസ്ക് ഏറ്റെടുക്കുവാൻ തയ്യറായില്ല. മൂന്നാം വർഷം ആയിപ്പോഴേക്കും വീണ്ടും സ്ഥിതി വഷളായിക്കൊണ്ടിരുന്നു. അത്തരം സാഹചര്യങ്ങളിൽ ലഭ്യമായിക്കൊണ്ടിരുന്ന ദൈവീകവചനങ്ങൾ ആശ്വാസമായി. വേദനയുണ്ടെങ്കിലും ദൈവസാന്നിധ്യത്തിൽ അതെല്ലാം മറക്കുവാൻ ശ്രമിച്ചു. തന്റെ ജീവിത സാഹചര്യങ്ങൾ എല്ലാം പ്രതികൂലമായിരുന്നിട്ടും ഗോൾഡ് മെഡലോടെ നഴ്സിംഗ് പഠനം പൂർത്തീകരിപ്പാൻ കഴിഞ്ഞത് ഇന്നും ഒരത്ഭുതമാണ്. അതിനുശേഷം എം.എസ്.സി. ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനിൽ പഠനത്തിനായി കോയമ്പത്തൂരിൽ കോവൈ മെഡിക്കൽ സെന്ററിൽ ചേർന്നു. ശാരീരിക അവശതകൾ കാരണം നഴ്സിംഗ് പ്രൊഫഷൻ സാധ്യമാകയില്ല എന്ന തിരിച്ചറിവിലാണ് ഉപരിപഠനത്തിനായി ചേർന്നത്. രണ്ടാംവർഷം സ്ഥിതി അതിദയനീയമായി. വേദനകൊണ്ട് പുളയുന്ന സ്ഥിതി. യാത്രചെയ്യുവാനോ പരീക്ഷയെഴുതുവാനോ കഴിയാത്ത സാഹചര്യമുണ്ടായി. എന്നാൽ അവിടെല്ലാം ദൈവത്തിന്റെ അദൃശ്യമാർന്ന കരം അത്ഭുതകരമായി കൂടെയിരുന്ന് സഹായിച്ചു. ആകെ നാലു വിദ്യാർത്ഥികൾ മാത്രമാണ് വിജയിച്ചത്. അതിൽ ഒരാൾ അഞ്ജലി ആയിരുന്നുവെന്നു മാത്രമല്ല ഭാരതീയാർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഫസ്റ്റ് റാങ്ക് അഞ്ജലിക്കായിരുന്നു.

ചോദ്യോത്തരവേദി

# സ്പിരിച്വൽ കോഷ്യന്റ് എന്താണ്?

*ചോദ്യം:* ലോകത്തിലെ ഏറ്റവും വലിയ കോർപറേറ്റ് സ്ഥാപനങ്ങളിൽ അവരുടെ നേതൃത്വപരിശീലനരംഗത്ത് I.Q (ഇന്റലിജൻസ് കോഷ്യന്റ്), E.Q (ഇമോഷണൽ കോഷ്യന്റ്) എന്നിവയെക്കാളും പ്രധാന്യം S.Q (സ്പിരിചൽ കോഷ്യന്റ്) അഥവാ ആത്മീയ ബുദ്ധിക്കാണ് കൊടുക്കുന്നതെന്ന് കേൾക്കുന്നു. അങ്ങനെയെങ്കിൽ സത്യദൈവത്തെ അറിഞ്ഞ ക്രിസ്ത്യാനികൾക്ക് കൂടുതൽ ജോലി സാദ്ധ്യത ഉണ്ടോ? **– ജെയിംസ്, ദുബായ്**



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

*ഉത്തരം:* വിവരശേഖരണബാഹുല്യം കൊണ്ട് ബുദ്ധിയുടെ ഒരു ഭാഗമായ ഓർമ്മശക്തി മാത്രം വളർന്ന, ഹൃദയം ചുരുങ്ങിയ ഫുൾ A+ കാരുടെയും റാങ്കുകാരുടെയും മാനേജ്മെന്റ് ജോലിയിലുള്ള സമഗ്ര വൈദഗ്ദ്യം വളരെ മോശമായപ്പോഴാണ് ആത്മീയ ബുദ്ധി അഥവാ സ്പിരിചൽ കോഷ്യന്റ് എന്ന ശാഖ ഉന്നത മാനേജ്മെന്റ് രംഗത്ത് ഉടലെടുക്കുന്നത്.

ഒരു മനുഷ്യന്റെ വ്യക്തിത്വത്തെ **നാലായി തിരിക്കാമെന്ന്** മാനേജ്മെന്റ് വിദഗ്ദർ കരുതുന്നു. ഒരുവന്റെ അടിസ്ഥാനം (1) **ആത്മീയതയിൽ** ഉറപ്പുള്ളതാണെങ്കിൽ, **(2) ആന്തരിക മനുഷ്യൻ ബലപ്പെടും (3) ബുദ്ധിയിൽ തെളിച്ചം ഉണ്ടാകും, (4) ശാരീരിക – ആരോഗ്യ** സ്ഥിതി മെച്ചപ്പെടുമെന്ന് അവർ കണ്ടെത്തിയിരിക്കുന്നു. ഇതിന് സമാന്തരമായി വചനം ഇപ്രകാരം രേഖപ്പെടുത്തുന്നു: "ശാരീരിക പരിശീലനം കൊണ്ട് കുറച്ച് പ്രയോജനം ഉണ്ട്. എന്നാൽ ആത്മീയത എല്ലാവിധത്തിലും വിലയുള്ളതാണ്. എന്തുകൊണ്ടെന്നാൽ അത് **ഈ ജീവിതത്തെയും** വരാനിരിക്കുന്ന ജീവിതത്തെയും സംബന്ധിക്കുന്ന വാഗ്ദാനങ്ങൾ ഉൾക്കൊള്ളുന്നു" (1തിമൊ.4:8).

ആത്മീയ ബുദ്ധിയുടെ 12 പ്രത്യേകതകളാണ് ലോകത്തിലെ വലിയ സ്ഥാപനങ്ങൾ ഉന്നതസ്ഥാനത്തിരുത്താൻ യോഗ്യതയുള്ളവരിൽ അളക്കുന്നത്. അത് താഴെക്കുറിക്കുന്നു.

1) Self-awareness – ഞാൻ ആരാണ്, എന്താണ്, എങ്ങോട്ടാണ് എന്ന അറിവ്
2) Spontaniety – പെട്ടെന്നുള്ള ക്രിയാത്മക പ്രതികരണശേഷി
3) Holism – ശാരീരിക, മാനസിക, സാമൂഹിക ഘടകങ്ങളെ സമഗ്രമായി പരിഗണിക്കൽ
4) Vision and Value led – മൂല്യബോധത്തിന്റെ അടിത്തറയിൽ നിന്നുള്ള പ്രവർത്തനം
5) Compassion – ദയ, സഹാനുഭൂതി
6) Celebrate diversity – വൈവിധ്യങ്ങളുടെ ആഘോഷം
7) Field independence – ആൾക്കൂട്ടത്തെ ഭയക്കാതെ സ്വന്തം ബോധ്യങ്ങളിൽ നിലകൊള്ളുന്ന സ്വഭാവം
8) Tendency to ask fundamental questions – അടിസ്ഥാനപരമായ ചോദ്യങ്ങൾ സ്വയം ചോദിച്ച് മുന്നേറാനുള്ള കഴിവ്
9) Ability to reframe – സങ്കുചിതമാകാത്ത വിശാല മനസ്സ്
10) Positive use of adversity – പരാജയങ്ങളിൽ നിന്നുള്ള പഠനം
11) Humility – അഹംഭാവമില്ലാത്ത അഹംബോധം
12) Sense of vocation – ജീവിതലക്ഷ്യത്തെക്കുറിച്ചുള്ള ബോധ്യം

ദൈവചിന്തയും ആത്മചിന്തയും ഏറെ പരിഹസിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ, ദൈവം ഇല്ല അഥവാ ഉണ്ടെങ്കിലും ഞങ്ങൾക്ക് വേണ്ട എന്നത് ഒരു പ്രവണതയായി പുതുതലമുറ കരുതുന്നു. പ്രസ്തുത ചായ്വ് ഉള്ള അക്കാഡമിക് ബുദ്ധിമാന്മാർ എടുക്കുന്ന നയപരമായ തീരുമാനങ്ങൾ പലതും പാളിയപ്പോഴാണ് സ്പിരിചൽ കോഷ്യന്റിന്റെ പ്രസക്തി മാനേജ്മെന്റ് രംഗത്ത് ഉണ്ടായത്. അടിസ്ഥാനപരമായ ചോദ്യങ്ങൾ സ്വയം ചോദിച്ച് മുന്നേറാനുള്ള കഴിവും സങ്കുചിതമാകാത്ത വിശാലമനസ്സുള്ള ഏതു മതവിഭാഗത്തിലുള്ള ഉദ്യോഗാർത്ഥിയും സ്പിരിചൽ കോഷ്യന്റിൽ വിജയിക്കാം. "ദൈവമില്ല എന്ന് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു, ദൈവത്തെ തേടുന്ന വിവേകിൾ ഉണ്ടോയെന്ന് അവിടുന്ന് ആരായുന്നു" (സങ്കീർത്തം: 14:1,2).

സത്യദൈവത്തെ അറിഞ്ഞ ക്രിസ്ത്യാനിക്ക് വിദ്യാഭ്യാസം ഉണ്ടെങ്കിൽ, ബുദ്ധിയുണ്ടെങ്കിൽ (IQ), വൈകാരിക സന്തുലിതാവസ്ഥ ഉണ്ടെങ്കിൽ (EQ), മേൽവിവരിച്ച ആത്മീയബുദ്ധിയുടെ (SQ) 12 പ്രത്യേകതകൾ വ്യക്തതയോടുകൂടി ഉണ്ടെങ്കിൽ ലോകത്തിലെ വലിയ സ്ഥാപനങ്ങളിൽ നല്ല സ്ഥാനം ലഭിക്കുന്നതിന് തടസ്സങ്ങളൊന്നുമില്ല. **യഥാർത്ഥ ആത്മീയത ഒരു സഭാവിഭാഗത്തിന്റെയും വേഷഭൂഷാദികളിലും ആചാരാനുഷ്ഠാനങ്ങളിലും ശുശ്രൂഷാ വൈഭവത്തിലുമല്ല മറിച്ച് സ്വഭാവഗുണത്തിലാണ്.**

കർത്താവ് തന്റെ ശുശ്രൂഷാകാലത്ത് ഇപ്രകാരം അരുളിചെയ്തു: എന്റെ നാമം ഉപയോഗിക്കുന്ന "കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവീൻ; അവർ ആടുകളുടെ വേഷം ധരിച്ച് നിങ്ങളുടെ അടുക്കൽ വരുന്നു; ഉള്ളിലോ അവർ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു. അവരുടെ **ഫലങ്ങളാൽ** നിങ്ങൾക്ക് അവരെ തിരിച്ചറിയാം; മുള്ളുകളിൽ നിന്ന് മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽ നിന്ന് അത്തിപ്പഴവും പറിക്കാറുണ്ടോ? ......'കർത്താവേ, കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ **പ്രവചിക്കുകയും** നിന്റെ നാമത്തിൽ **ഭൂതങ്ങളെ പുറത്താക്കുകയും** നിന്റെ നാമത്തിൽ **വളരെ അത്ഭുതങ്ങൾ** പ്രവർത്തിക്കയും ചെയ്തില്ലയോ?' എന്ന് പലരും ആ ദിവസം എന്നോടു ചോദിക്കും. അന്നു ഞാൻ അവരോട്: ഞാൻ നിങ്ങളെ ഒരിക്കലും അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരെ, എന്നെവിട്ടു പോകുവീൻ' എന്ന് തീർത്തുപറയും" (മത്തായി 7:15–23).

**സ്വഭാവഗുണമില്ലാത്ത വിശ്വാസികളിൽ നിന്നും ക്രിസ്തീയ നേതാക്കളിൽ നിന്നും അകന്ന് നില്ക്കണമെന്ന് അപ്പൊസ്തലന്മാരും ഉപദേശിച്ചിരുന്നു. (1കൊരി.5:11 : 2 തിമൊ.3: 5, വെളിപ്പാട്.2:2).** സ്വഭാവഗുണമില്ലാത്തവരെ (പ്രത്യേകിച്ച് സാമ്പത്തിക ക്രമക്കേട് കാണിക്കുന്നവരെ) ഒരു പ്രസ്ഥാനങ്ങളും (സ്കൂൾ, കോളെജ്, ബാങ്ക്, വ്യാപാര വ്യവസായ സ്ഥാപനങ്ങളും) നിലനിർത്താറില്ല. നിലനിർത്തുന്ന ഏക പ്രസ്ഥാനം ക്രിസ്തീയ സഭകളാണെന്ന് കരുതുന്നു. അച്ചടക്കം ഇല്ലാത്തതും അച്ചടക്കം പരിപാലിക്കാത്തതുമാണ് സഭകളിലെ ഇന്നത്തെ മൂല്യച്യുതിയെക്കുറിച്ച് വിലപിക്കുന്നവർ മനസ്സിലാക്കുക. ക്ഷമ, കരുണ, കള, സ്നേഹം എന്നിവയുടെ വ്യഖ്യാനങ്ങളെല്ലാം പുനപരിശോധിക്കേണ്ടിയിരിക്കുന്നു. ലൈംഗീക കുറ്റകൃത്യങ്ങളുടെ പേരിൽ പുരോഹിതന്മാരെയും മെത്രാന്മാരെയും സഭയിൽ നിന്ന് പുറത്താക്കുന്ന കത്തോലിക്കസഭയുടെ (പോപ്പിന്റെ) നടപടികൾ ശ്ലാഘനീയമാണ്.

**അടിക്കുറിപ്പ്:** I.Q (ഐ.ക്യൂ.) Intelligence Quotient എന്നു പറഞ്ഞാൽ. അതായത്, ഒരു വ്യക്തിയുടെ മാനസിക വളർച്ചയും (മാനസിക വയസും) യഥാർത്ഥ വയസ്സും തമ്മിലുള്ള അനുപാതം; അതിനെ വ്യഞ്ജിപ്പിക്കുന്ന ശതമാനസംഖ്യ. ഇതുപോലെ തന്നെയാണ് E.Q (Emotional Quotient) വും S.Q (Spiritual Quotient) ഉം കണക്കാക്കുന്നത്. മനുഷ്യനായ യേശുക്രിസ്തുവിന്റെ I.Q, E.Q, S.Q ശ്രദ്ധിക്കുക. "ശിശു വളർന്ന് ജ്ഞാനം നിറഞ്ഞ്, ആത്മാവിൽ ബലപ്പെട്ടുപോന്നു; ദൈവകൃപയും അവന്റെമേൽ ഉണ്ടായിരുന്നു. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രസാദത്തിലും വളർന്നുവന്നു...അവന്റെ വാക്കു കേട്ടവർക്കെല്ലാം അവന്റെ വിവേകത്തിലും ഉത്തരങ്ങളിലും വിസ്മയം തോന്നി" (ലൂക്കോസ് 2:40,52,47).



**എഡിസൺ തോമസ്**
**വേങ്ങൂർ, 9961336353**

## വേദപഠനം

തിമൊഥെയൊസ്

–തുടർച്ച–

# ഇടയ ലേഖനങ്ങൾ
# (The Pastoral Epistles)

**ര**ണ്ടാമതായി നീതിമാനായ ലോത്ത് ആണ്. അദ്ദേഹവും മദ്യലഹരിയിൽ പാപം ചെയ്തു. അതെ, ന്യായപ്രമാണത്തിൽ ലഹരിയെക്കുറിച്ച് വളരെയധികം പ്രസ്താവിച്ചിട്ടുണ്ട് ലേവ്യ 10:9. നാസീർവ്രതം അനുഷ്ഠിക്കുന്നവരും വീഞ്ഞും മദ്യവും കുടിക്കാൻ പാടില്ല സംഖ്യ.6:3. മദ്യപാനത്തിന്റെ വിവിധ ദോഷഫലങ്ങളെപ്പറ്റി വേദപുസ്തകം നൽകുന്നു മുന്നറിയിപ്പ്–

1. ജ്ഞാനിയാകയില്ല, സദൃശ്യ: 20:1
2. ദാരിദ്ര്യത്തിലാഴ്ത്തും, സദൃശ്യ. 20:20–21
3. ദുർന്നടപ്പുണ്ടാകും, എഫെ. 5:18, റോമ. 13:13–14
4. ബുദ്ധിയെ കെടുത്തും, ഹോശ. 4:11
5. സ്വയം നശിപ്പിക്കും, സദൃഷ്യ.23:29–35
6. ദൈവരാജ്യം നഷ്ടമാകും, 1 കൊരി.6:10

ഇതുപോലെ അനേകകാര്യങ്ങൾ മദ്യപാനത്തിലൂടെ സംഭവിക്കുന്നു. അതുകൊണ്ട് ദൈവമക്കൾ മദ്യപാനത്തിൽ നിന്നും ഒഴിഞ്ഞുനിൽക്കണം. തിമൊഥെയൊസ് പലപ്പോഴും ശാരീരികമായി വളരെ ഭാരപ്പെട്ടും പ്രയാസപ്പെട്ടും പോകുകയാണ് എന്നുള്ളത് പൗലോസിനു അറിയാം അതുകൊണ്ടാണ് അല്പം വീഞ്ഞ് സേവിക്കുവാൻ പറയുന്നത്. അക്കാലത്ത് വെള്ളത്തെ ശുദ്ധമാക്കുവാനുള്ള പ്രത്യേക സംവിധാനങ്ങളോ സൗകര്യങ്ങളോ ഇല്ലായിരുന്നു അതുകൊണ്ടാണ് അല്പം വീഞ്ഞും കൂടിചേർത്തുകൊള്ളുവാൻ പറയുന്നത്.

എഫെസൊസ് സഭയുടെ മൂപ്പനായിരിക്കുന്ന തിമൊഥെയൊസിനോടു പൗലോസ് പറയുന്നത്, ചില മനുഷ്യരുടെ പാപങ്ങൾ ന്യായവിധിയിലേക്കും അവർക്കുമുമ്പേ പോകുന്നു ചിലരുടെ പാപങ്ങളോ അവർ പിൻതുടരുന്നതേയുള്ളൂ, അതായത് സഭയുടെ മൂപ്പന്മാരായും ശുശ്രൂഷക്കാരായും നിയമിച്ചിരിക്കുന്നവരിൽ പാപപ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്നതുകൊണ്ട് ശുശ്രൂഷയ്ക്കു അഭംഗിയാണ്, അങ്ങനെയുള്ളവർ ശുശ്രൂഷയ്ക്കു യോഗ്യതയുള്ളവരല്ല, അതിനാൽ പെട്ടെന്ന് ആരുടെയുംമേൽ കൈവെച്ചു ശുശ്രൂഷയ്ക്കു നിയമിക്കരുത്. അവർക്കു തീർച്ചയായും ശിക്ഷാവിധി ഉണ്ടാകും. ന്യായവിധി ലഭിക്കും. സഭയ്ക്കു ആവശ്യം യോഗൃതയും അർഹതയും ഉള്ളവരെയാണ്, അല്ലാത്തവരുടെയും പാപപ്രവർത്തികൾ അവരുടെ ന്യായവിധിയ്ക്കുമുമ്പേ തന്നെപോകുന്നു. എന്നാൽ മറ്റുചിലരുടെയോ അവരുടെ പാപപ്രവർത്തികൾ അവരെ പിൻതുടരുന്നു. അങ്ങനെത്തന്നെ സൽപ്രവർത്തികളും വെളിവായിരിക്കുന്നു. സൽപ്രവർത്തികൾ ചെയ്യുന്നവർ സഭയ്ക്കും ശുശ്രൂഷയ്ക്കു അനുഗ്രഹമായിത്തീരും. വെളിവാകാത്തതുകൊണ്ട് മറഞ്ഞിരിക്കാം എന്നു കരുതുന്നവരുണ്ട് പക്ഷെ ഒരിക്കലും അപ്രകാരം ആകുവാൻ കഴിയുകയില്ല. തെറ്റുകൾ മറച്ചുവച്ചതുകൊണ്ട് ശിക്ഷ ഉണ്ടാകുകയില്ല, മാനസാന്തരപ്പെടാത്തതുകൊണ്ട് ശിക്ഷാവിധി ഉണ്ടാകുകയില്ല എന്നു കരുതുന്നയെങ്കിൽ അവർക്കു തെറ്റിപ്പോയി എന്നുകൂടി സ്ഥാപിക്കുകയാണ്. (തുടരും...)

## 01 ഐപിസി ഫാമിലി.....

ഭാഗങ്ങളിലുമായി മിഷനറി പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിച്ചുവരുന്നു.

നാഷണൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ബ്രദർ അലക്സാണ്ടർ ജോർജ് മേക്കൊഴൂർ പത്തനംതിട്ട കൂരിക്കാട്ടിൽ വീട്ടിൽ പരേതനായ കെ. എസ്. ജോർജ്–മറിയാമ്മ ജോർജ് ദമ്പതികളുടെ മകനാണ്. 30 വർഷമായി ഐപിസി ഒർലാന്റോ സഭാംഗമാണ്. ഐപിസി ഒർലാന്റോ സഭാ സെക്രട്ടറി, ട്രഷറാർ പിസിനാക്ക് നാഷണൽ പ്രതിനിധി, ഐപിസി ഫാമിലി കോൺഫറൻസ് നാഷണൽ ട്രഷറാർ, ഐപിസി സൗത്ത് ഈസ്റ്റ് റീജിയൻ ജോ. സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

നാഷണൽ ട്രഷറായി തെരഞ്ഞെടുക്കപ്പെട്ട ബ്രദർ ജെയിംസ് മുളവന പാസ്റ്റർ പി. എം. തങ്കച്ചൻ–അമ്മിണി ദമ്പതികളുടെ സീമന്തപുത്രനാണ്. 2006–ൽ കുടുംബമായി അമേരിക്കയിലേക്ക് കുടിയേറി. മഹാരാഷ്ട്ര റീജിയൻ പിവൈപിഎ ജോയിന്റ് സെക്രട്ടറി, പിവൈഎഫ്എഫ് ഫ്ളോറിഡ വൈസ് പ്രസിഡന്റ് ഐപിസി സൗത്ത് ഫ്ളോറിഡ ചർച്ച് സെക്രട്ടറി, 33–ാമത് പിസിനാക്ക് നാഷണൽ പബ്ലിസിറ്റി കൺവീനർ തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്. ഐപിസി സൗത്ത് ഈസ്റ്റ് റീജിയൻ സണ്ടേസ്കൂൾ ഡയറക്ടറായി പ്രവർത്തിക്കുന്നു.

നാഷണൽ യൂത്ത് കോർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട ബ്രദർ ജെറി കല്ലൂർ കൊട്ടാരക്കര കല്ലൂർ ഗ്രേയ്സ് കോട്ടേജിൽ രാജൻ–ഗ്രേസ് ദമ്പതികളുടെ മകനാണ്. ഐപിസി തൃക്കണ്ണമംഗൽ സണ്ടേസ്കൂൾ അധ്യാപകൻ, പിവൈപിഎ കൊട്ടാരക്കര ഡിസ്ട്രിക്ട് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

## 01 വൈ.പി.ഇ. മലബാർ.....

നം എന്നിവയാണ് ക്യാമ്പിന്റെ പ്രത്യേകതകൾ. ബ്രദർ. സുജിൻ ബാംഗ്ളൂർ, ഫാദർ. ജോൺസൺ തേക്കടയിൽ, ക്ലാസ്സുകൾ എടുക്കും. വിവിധ സെക്ഷനുകളിൽ സംസ്ഥാന വൈസ് പ്രസിഡന്റ് പാസ്റ്റർ. എ.പി.അഭിലാഷ് ദൈവസഭാ ഡിപ്പാർട്ട്മെന്റ് ഹെഡ്സ് എന്നിവർ സന്ദേശം നൽകും. കുട്ടികൾക്ക് വേണ്ടി പ്രത്യേക സെക്ഷൻ ഉണ്ടായിരിക്കും. വൈ.പി.ഇ. ക്വയർ അത്മിയ ആരധനക്ക് നേതൃത്വം നല്കും, മേഖലയിലെ 10, +2 ക്ലാസുകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അവാർഡ് നൽകി ആദരിക്കും. വിവിധ സ്ഥലങ്ങളിൽ നിന്നായി അനേക യുവജനങ്ങൾ പങ്കെടുക്കുന്ന ക്യാമ്പിന് സോണൽ കോർഡിനേറ്റേഴ്സും, സ്റ്റേറ്റ് ബോർഡ് അംഗങ്ങളും നേതൃത്വം നൽകും. കുടുതൽ വിവരങ്ങൾക്ക്: 9947888688, 8281867024

E-mail: beljourn@gmail.com/ Website: www.beljourn.com
Office: 0469 2666 995

# നിത്യതയിൽ



**റ്റി. പി. ജോസ് (54)**

**വള്ളംകുളം:** തേവർവേലികാലായിൽ പരേതനായ റ്റി. പാപ്പച്ചന്റെ മകൻ ചേർത്തല ഓട്ടോകാസ്റ്റിലെ ജീവനക്കാരൻ റ്റി. പി. ജോസ് (54) നിത്യതയിൽ. സംസ്കാരം ഐ. പി. സി. ബെഥേൽ സഭാ സെമിത്തേരിയിൽ നടത്തി. വള്ളംകുളം ഐ.പി.സി. ബെഥേൽ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്നു.

ഭാര്യ: വള്ളംകുളം നായിക്കൻപറമ്പിൽ ഷൈലജ. മകൾ: സുബന ജോസ്.

**കുര്യൻ മിഖായേൽ**



**തൃശ്ശൂർ:** വിലങ്ങന്നൂർ ഇന്ത്യാ പെന്തെക്കോസ്ത് ബെർശേബാ സഭാംഗവും പീച്ചി പരുത്തിക്കൽ വീട്ടിൽ കുര്യൻ മിഖായേൽ നിത്യതയിൽ. സംസ്കാരം കണ്ണാറ സെമിത്തേരിയിൽ നടന്നു. പാസ്റ്റർ സി. സി. ചാക്കോ, പാസ്റ്റർ റ്റി. പി. പൗലോസ് എന്നിവർ സന്ദേശങ്ങൾ നൽകി. പാസ്റ്റർ ഷൈജു കെ. എസ്. ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഭാര്യ: പൊടിയമ്മ. മക്കൾ: പാസ്റ്റർ അനിൽ കുര്യൻ (ഐ.പി.സി. വലക്കാവ്) ആനികുര്യൻ. മരുമക്കൾ, സിജി, പരേതനായ ലിജോ. കൊച്ചുമക്കൾ: എയ്ഞ്ചൽ, അബിയാ, ആൻ, അലൻ, ആൽബിൻ.

# ഡോക്ടറേറ്റ് ലഭിച്ചു



ക്രൈസ്തവ വേദാദ്ധ്യാപകനും എഴുത്തുകാരനും പ്രഭാഷകനുമായ പാസ്റ്റർ സാബു പോളിന് ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് ലഭിച്ചു. ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സമർപ്പിച്ച "ഇന്നത്തെ പെന്തെക്കോസ്ത് ആത്മീയതയുടെ വിലയിരുത്തൽ, കേരളത്തിൽ പത്തനംതിട്ട ജില്ലയിലെ പെന്തെക്കോസ്തർക്കിടയിൽ പ്രത്യേക പഠനം" എന്ന വിഷയത്തിൽ നടത്തിയ ഗവേഷണപ്രബന്ധത്തിനാണ് ഡോക്ടറേറ്റ് ലഭിച്ചത്. കണ്ണമ്പള്ളി ശാരോൻ ഫെലോഷിപ്പ് ചർച്ച് പാസ്റ്ററും മന്ദമരുതി ബെഥേൽ ഇന്റർനാഷണൽ തിയോളജിക്കൽ സെമിനാരിയുടെ പ്രിൻസിപ്പാളുമാണ്. ശാരോൻ ഫെലോഷിപ്പ് ചർച്ച് കണ്ണമ്പള്ളി സെക്ഷന്റെ ചുമതലയും വഹിക്കുന്നു.

# സംയുക്ത പ്രാർത്ഥനാ സമ്മേളനം

**മല്ലപ്പള്ളി:** ഇവിടെയും പരിസരപ്രദേശങ്ങളിലുമുള്ള ഉപദേശ ഐക്യമുള്ള പെന്തെക്കോസ്തു സഭകളുടെ ഐക്യകൂട്ടായ്മവേദിയായ എം.യു. പി. എഫിന്റെ സ്വാതന്ത്ര്യദിന സംയുക്ത പ്രാർത്ഥനാ സമ്മേളനം ഓഗസ്റ്റ് 15 ന് അനുഗ്രഹമായി നടന്നു. മല്ലപ്പള്ളി ശാരോൻ ഹാളിൽ പാസ്റ്റർ റ്റി. വി. ജോൺസൺ ഉദ്ഘാടനം ചെയ്തു. യു. പി. എഫ് പ്രയർ കോർഡിനേറ്റർ പാസ്റ്റർ എ.ഡി. ജോൺസൺ അദ്ധ്യക്ഷത വഹിച്ചു. വിവിധ സഭകളിൽ നിന്നും ധാരാളം പാസ്റ്റേഴ്സും വിശ്വാസികളും യോഗത്തിൽ പങ്കെടുത്തു.

സെക്രട്ടറി പാസ്റ്റർ സാം പി. ജോസഫ് സ്വാഗതവും ട്രഷറാർ എം. എ. ഫിലിപ്പ് നന്ദിയും പറഞ്ഞു. മല്ലപ്പള്ളിയിലെ ഐക്യ പെന്തെക്കോസ്തു പ്രവർത്തനങ്ങൾ 31 വർഷം പിന്നിട്ട് കഴിഞ്ഞു. പാസ്റ്റർ റ്റി. വി. പോത്തൻ പ്രസിഡന്റായി പ്രവർത്തിക്കുന്നു.

# പ്രയർ ക്യാമ്പ് വാഗമണ്ണിൽ നടന്നു

**കുമ്പനാട്:** മീഡിയ മിഷന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 8 വെള്ളി രാവിലെ മുതൽ 9 ശനി വൈകിട്ട് വരെ പ്രയർ ക്യാമ്പ് നടന്നു. വാഗമണ്ണിലെ ജീസസ് സേവ്സ് മിനിസ്ട്രി ബിൽഡിംഗിലാണ് (ഗുരുപാദം ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്) 36 മണിക്കൂർ പ്രാർത്ഥനയും പഠനവും നടന്നത്.

പാസ്റ്റർമാരായ രാജു പൂവക്കാല, ബാബു ചെറിയാൻ, വി. പി. ഫിലിപ്പ്, രാജു ആനിക്കാട്, വർഗീസ് ബേബി എന്നിവർ നേതൃത്വം നൽകി. വേദപുസ്തകത്തിലെയും ചരിത്രത്തിലെയും പ്രാർത്ഥനകളെക്കുറിച്ചുള്ള പഠനങ്ങൾ, കാത്തിരിപ്പ് യോഗം, മദ്ധ്യസ്ഥപ്രാർത്ഥന എന്നിവ നടന്നു. ഭക്ഷണം, പഠനസാമഗ്രികൾ, പുസ്തകങ്ങൾ എന്നിവ കൊടുത്തു.

# സ്വാതന്ത്ര്യ ദിന റാലി



**എറണാകുളം:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരളാ സ്റ്റേറ്റിന്റെ പുത്രിക സംഘടനകളായ വൈപിഇയുടെ ഹോം മിഷൻ ഡിപ്പാർട്ട്മെന്റിന്റെയും സംയുക്താഭിമുഖ്യത്തിൽ ലഹരി വിരുദ്ധ ബോധവത്കരണ റാലി എറണാകുളത്ത് നടത്തി. അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ് പാസ്റ്റർ വൈ റെജി ഉദ്ഘടാനം നിർവ്വഹിച്ച് റാലി സ്ഥലം എംഎൽഎ ശ്രീ ഹൈബി ഈഡൻ ഫ്ളാഗ് ഓഫ് ചെയ്തു. പാസ്റ്റർമാരായ എ. റ്റി ജോസഫ് (വൈപിഇ സ്റ്റേറ്റ് പ്രസിഡന്റ്) പി. എ ജെറാൾഡ് (ഹോം മിഷൻ ഡയറക്ടർ) രാജീവ് സേവ്യർ (ഹോം മിഷൻ സ്റ്റേറ്റ് കോഡിനേറ്റർ) എന്നിവർ വിവിധ ഇടങ്ങളിൽ പ്രസംഗിച്ചു. ഹോം മിഷൻ സ്റ്റേറ്റ് ബോർഡ് അംഗം ബ്രദർ അലൻ ആശംസകളറിയിച്ചു.

# 02 യുവജനപംക്തി.....

രക്ഷിക്കുന്നു.

The Bible contain light to direct you, Food to support you, and control to cheer you, it is the traveler's map, the pilgrims staff, the piolet's compass, the soldier's sword, and the christian's charter. Here Heaven is opened and the gates of hell disclosed.

ഇന്ന് ലോകത്തിൽ ഏറ്റവും കൂടുതൽ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നതും കൂടുതൽ പ്രിന്റ് ചെയ്യുന്നതും, കൂടുതൽ ആളുകൾ വായിക്കുന്നതും, കൂടുതൽ പുസ്തകങ്ങൾ പുറത്തുവരുന്നതും എല്ലാം ബൈബിൾ ആണ്. മൂലഭാഷയിൽ നിന്ന് അർത്ഥവും വ്യാപ്തിയും നഷ്ടപ്പെടാതെ തന്നെയാണ് ഭാഷാന്തരങ്ങൾ നടത്തിയിരിക്കുന്നത്.

**ദൈവവചനപഠനത്തിന്**

ദൈവവചനപഠനം ഏതൊരാൾക്കും സാദ്ധ്യമാണ്. കാരണം സാധാരണക്കാരന്റെ ഭാഷയിലും ലളിതമായ ശൈലിയിലും എഴുതപ്പെട്ട ദൈവവചനം മനസ്സിലാക്കുവാനും ലളിതമാണ്. അതിലുപരി പ്രായോഗികം ആണ്. സ്വയമായി ദൈവവചനം പഠിക്കുമ്പോൾ അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങളുമാണ് തുടർന്ന് പ്രതിപാദിക്കുന്നത്.

*നിന്റെ വചനം എന്റെകാലിന് ദീപവും*
*എന്റെ പാതക്ക് പ്രകാശവും ആകുന്നു* (സങ്കീ.119:105)
*തിരുവചനം എന്റെ അണ്ണാക്കിനു എത്ര മധുരം*
*അവ എന്റെ വായിക്കു തേനിലും നല്ലത്* (സങ്കീ.119:103). **(തുടരും...)**

# നിയമിച്ചു



**കുവൈറ്റ്:** ശാരോൻ ഫെലോഷിപ്പ് കുവൈറ്റ് ശാരോൻ ചർച്ച് പാസ്റ്ററായി പാസ്റ്റർ അനിയൻ പി. ഏ. നിയമിതനായി. സി.ഈ. എം. മുൻ ജനറൽ കോഡിനേറ്റർ ആയിരുന്നു മണ്ണാറോട്, നല്ലില കൊട്ടാരക്കര, വയല, ഓടനാവട്ടം, കൈതക്കോട്, പ്ലാപ്പള്ളി മുട്ടം എന്നീ സ്ഥലങ്ങളിൽ ശുശ്രൂഷിച്ചിട്ടുണ്ട്. ഭാര്യ: ജോളി, മക്കൾ: ആൽവിൻ, ആൻസി.

# 08 അവർ സ്നേഹമെന്നും....

ന്നുണ്ട്.

യേശുകർത്താവ് പരീശനെന്നോ ചുങ്കക്കാരെന്നോ വ്യത്യാസം കാട്ടിയില്ല. അത് പ്രകടിപ്പിച്ചവരെ അദ്ദേഹം നിശിതമായി വിമർശിക്കുകയും ചെയ്തു. ഇന്ന് പരീശനന്നും ചുങ്കക്കാരെന്നും അന്നത്തെപ്പോലെ പൊതുസഭയിൽ നാം കാണിക്കുന്നില്ല. പക്ഷേ അത് നമ്മുടെ ഉള്ളിൽ കരുത്താർജ്ജിക്കുന്നുണ്ട്. സകല മനുഷ്യരേയും ഒരുപോലെ കരുതി സ്നേഹിച്ച യേശുവിനെ നേടുകയാണ് നമ്മുടെ ജീവിത ലക്ഷ്യം. അപ്പോൾ സ്നേഹത്തിന് നമ്മുടെ ജീവിതത്തിൽ വലിയ പ്രാധാന്യമുണ്ട്. 1 കോരി 13 ൽ സ്നേഹത്തെക്കുറിച്ച് അപ്പോസ്ഥലൻ വിവരിക്കുന്നത് പലവുരു നാം വായിച്ചിട്ടുണ്ടാവും. അത് നമ്മിൽ പ്രായോഗികമാകുമ്പോൾ നാമിപ്പോൾ ചിന്തിച്ച സ്വഭാവരീതിക്ക് നമ്മിൽ നിലനിൽപ്പില്ലാതാവും.

അന്ന് ഒലിവുമലയുടെ അടിവാരത്തിൽ യൂദാസ് യേശുവിനെ ചുംബിക്കുമ്പോൾ, ചരിത്രത്തിലെ തന്നെ തീവ്രതയാർന്ന ആ ഒറ്റി കൊടുക്കലിൽ ഇതേ ശീലം രൂഢമൂലമായിരുന്നു. യൂദാസ് ചുംബിക്കുമ്പോൾ അവൻ വാസ്തവത്തിൽ ചെയ്യുന്നത് എന്ത് എന്ന് യേശുവിനും അവനും മാത്രമറിഞ്ഞിരുന്നു. നമ്മുടെ ചുറ്റുപാടുമുള്ളവരെക്കുറിച്ച്, സഹവിശ്വാസികളെക്കുറിച്ച്, ദൈവദാസന്മാരെക്കുറിച്ച് നമ്മുടെ മനസ്സിലും പെരുമാറ്റത്തിലും ഒരേ ക്രമമാണെങ്കിൽ നാം ശരിയായ വഴിയിലാണ് പോകുന്നത്.

CHURCH OF GOD
UMM Al Quwain (UAE)
WORSHIP
Friday 11am - 1.30pm
COTTAGE MEETING
Saturday 8pm - 9.30pm
E-mail: churchofgoduae@gmail.com

Pr. Binu Thomas
Ph: 00971-505516735

Pr. John Koshy
Ph: 00971-559270602

Patmos Ministries India
ഭാരത സുവിശേഷീകരണത്തിനായി അണിചേരൂ ◎ ഇന്ത്യയുടെ 13 സംസ്ഥാനങ്ങളിലും നേപ്പാളിലും ബർമയിലും പ്രവർത്തനങ്ങൾ ◎ പ്രാർത്ഥനാ ഗോപുരങ്ങൾ ◎ കോൺഫ്രൻസുകൾ ◎ ക്രൂസേഡുകൾ ◎ തദ്ദേശീയരായ സുവിശേഷവേലക്കാരെ പരിശീലിപ്പിക്കുന്നട്രെയിനിംഗ്സെന്ററുകൾ◎ഓർഫനേജുകൾ◎മിഷൻസ്കൂളുകൾ ◎ജീവകാരുണ്യ സഹായം ◎ ബൈബിൾ വിതരണം ◎ ടി.വി. മിനിസ്ട്രി ◎സ്വയംതൊഴിൽ സംരംഭങ്ങൾ ◎ ആതുരസേവനങ്ങൾ ◎ കംമ്പ്യൂട്ടർ സെന്റർ ◎ അനാഥർക്ക് ആശ്വാസഭവനവും ഭക്ഷണവും
PATMOS MINISTRIES INDIA
പ്രാർത്ഥനയ്ക്കായി വിളിക്കൂ
പത്മോസ് പ്രയർ ടവർ
തിരുവല്ല: 09495614414, ചങ്ങനാശ്ശേരി: 09495174721
കാട്ടാക്കട, തിരുവനന്തപുരം: 09497744829,
ഗുജറാത്ത്: 09687480090
ഡൽഹി : 09811548283, മൈസൂർ: 09739973959
Head Office: Patmos Ministries India, Zion Bunglow, Changanacherry, 686 101, Kottayam (Dis) Kerala-India

MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 10, ISSUE 17

BELIEVERS JOURNAL

PUBLISHED ON 10/09/2017

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105
Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

ഉൾക്കാഴ്ചകൾ

# ഇവിടം ഇനിയും ശാന്തമല്ല



അനിൽ കൊടിത്തോട്ടം

ഏതാനും നാളുകളിലെ ആലസ്യംവിട്ട് വീണ്ടും എഴുത്തുകോൽ കൈയിലേന്തുമ്പോൾ പെന്തെക്കോസ്ത് സമൂഹം ഇപ്പോൾ എത്തിയിരിക്കുന്ന സാഹചര്യത്തെ ഒന്ന് വിലയിരുത്താൻ ആഗ്രഹിക്കുന്നു.

**1. ഐപിസി രാഷ്ട്രീയം**

തൊട്ടതെല്ലാം വിവാദമാക്കിയേ അടങ്ങൂ എന്ന വാശിയിൽ ഐപിസി നേതൃത്വം മുന്നോട്ട് പോകുകയാണ്. കുമ്പനാടിനെ എങ്ങനെ മോടിപിടിപ്പിക്കാം. വർഷത്തിലൊരിക്കൽ നടക്കുന്ന ജനറൽ കൺവൻഷനെ എങ്ങനെ ഹൈജാക്ക് ചെയ്യാം, അധികാര സ്ഥാനങ്ങൾ എങ്ങനെ വേണ്ടപ്പെട്ടവർക്ക് വീതം വയ്ക്കാം, സ്വന്തസ്ഥാനമാനങ്ങൾ ഉറപ്പിക്കാൻ എങ്ങനൊക്കെ കൂറുമാറിക്കൊണ്ടിരിക്കാം ഇതാണ് ഇപ്പോഴത്തെ പ്രവണത.

**2. പിവൈസി**

സാമൂഹ്യപ്രശ്നങ്ങളിൽ സജീവ ഇടപെടൽ നടത്തിക്കൊണ്ട് രംഗത്ത് വന്ന പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ ഇന്ന് ചത്ത കുതിരയോ അതല്ലെങ്കിൽ ജഡയും പല്ലുംകൊഴിഞ്ഞ് സിംഹമോ മാത്രമാണ്. എന്നാൽ പെന്തെക്കോസ്തിന്റെ വക്താക്കൾ തങ്ങളാണെന്നും അതിന്റെ വോട്ട് ബാങ്ക് ശക്തി പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്കാണെന്നും നിഷിപ്തമാണെന്നും വരുത്തി തീർത്ത് സ്വകാര്യതാല്പര്യങ്ങൾ സംരക്ഷിക്കാൻ തുനിഞ്ഞ് ഇറങ്ങിയ മനസ്സിൽ രൂപപ്പെട്ട ആശയമാണ് പിവൈസി. ജനകീയമായ തെരഞ്ഞെടുപ്പോ കാമ്പയിനോ ജനാധിപത്യ സംവിധാനങ്ങളോ ഇല്ലാതെ പിസിഐയിലെ ഒരു പ്രമുഖൻ നോമിനേറ്റ് ചെയ്യുന്ന അംഗങ്ങളാണ് പിവൈസിയുടെ ഭരണരംഗത്ത് വരിക. താഴെതലം മുതൽ സംസ്ഥാനതലം വരെയുള്ള എല്ലാ പരിപാടികൾ പിവൈസിയിൽ ഇദ്ദേഹത്തിന്റെ സാന്നിധ്യം ഉണ്ടാകും.

കാര്യക്ഷമമായ കർത്തവ്യം നിറവേറ്റുന്നതിനേക്കാൾ രാഷ്ട്രീയവിലപേശലിനെ യുവാക്കാളെ ബലിയാടാക്കുന്ന ഗൂഢലക്ഷ്യങ്ങളുള്ള പിവൈസിയിലെ പ്രവർത്തകർ ഇത് തിരിച്ചറിഞ്ഞ് തുടങ്ങിയിട്ടുണ്ട്.

**3. ഏ. ജി**

പതിറ്റാണ്ടുകളായി ഏ.ജി.രാഷ്ട്രീയം റ്റി.ജെ., പി.എസ് ന്യൂക്ലിയസുകളെ മാത്രം കേന്ദ്രീകരിച്ച് കറങ്ങിക്കൊണ്ടിരുന്നു. റാന്നിയിൽ നിന്ന് ബാബു ജോർജ് എന്ന താരോദയം വെല്ലുവിളി ഉയർത്തി രംഗത്ത് വന്നെങ്കിലും കുരിശുമാലയും കുപ്പായവും അണിഞ്ഞ അദ്ദേഹം ഏ.ജിക്ക് പുറത്തുപോയി. ന്യൂജനറേഷൻ ഉപദേശപിശകുകളുടെ ആലസ്യം നന്നേ ബാധിച്ചിരുന്ന ഏ.ജി. ഇന്ന് ഒട്ടേറെ മെച്ചപ്പെട്ടിരിക്കുന്നു. കൾട്ട് വീരന്മാർക്ക് പഴയതുപോലെ കളിക്കാൻ അവിടെ സാധിക്കുന്നില്ല.

**4. ചർച്ച് ഓഫ് ഗോഡുകൾ**

സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി.തോമസ് ഒരു ജെയിംസ് സാർ ആകരുതേ എന്നും റീജിയൻ ഓവർസിയർ പാസ്റ്റർ കെ. സി. സണ്ണിക്കുട്ടി ഒരു ജോസഫ് ടി. ആകരുതേ എന്നും നമ്മൾ പ്രാർത്ഥിച്ചിരുന്നു. അത് യാഥാർത്ഥ്യമായി. പക്ഷെ ഇവർ എന്താകും എന്ന് ഇനിയും വിലയിരുത്താറായിട്ടില്ല. വിവാദത്തിൽ നിന്നും മാറിനിൽക്കുന്ന സി.സി.യും സ്റ്റേഡിയം വീണ്ടെടുത്ത കെ.സിയും പ്രതീക്ഷ നൽകുന്നു.

**5. മാധ്യമങ്ങൾ**

സ്വർഗ്ഗീയധ്വനി, മരുപ്പച്ച, ജാലകം, ക്രൈസ്തവ ചിന്ത, ഹല്ലേല്ലുയ്യാ ഇവ മാത്രമാണ് ജേണൽ കൂടാതെ ഇപ്പോൾ ശ്രദ്ധിക്കുന്നത്. പത്രങ്ങൾ പൊതുവെ നിരാശപ്പെടുത്തുന്നു.

**6. സോഷ്യൽ മീഡിയാസ്**

ദൈവസ്നേഹമാണ് ചർച്ചാവിഷയം, ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെ പകയ്ക്കരുത് ഒരുത്തൻ ഉഗാണ്ടയിൽ നിന്ന് പോസ്റ്റിടുന്നു. അമേരിക്കയിൽ നിന്ന് മറുപടി “നീയാരാടാ ഇത് പറയാൻ”, കുവൈറ്റിൽ നിന്നും പ്രതികരണം “നിന്റെ അപ്പനാടാ”, ചരുവുവിള കുഞ്ചാക്കോ തങ്കച്ചൻ എന്ന ഫെയ്ക്ക് ഇടയ്ക്ക് കേറുന്നു. “പോസ്റ്റിട്ടവനെ പണ്ടേ എനിക്കറിയാം. കൂടുതൽ ഒന്നും പറയിപ്പിക്കണ്ട”. പോസ്റ്റിട്ട ഉഗാണ്ട “ചരിവുവിളയുടെ ലീലാവിലാസങ്ങൾ ഞാൻ ഉടനെ വിളമ്പാം” ഇതിനിടയിൽ നാല്പത്തഞ്ച് ട്രോളുകൾ, നൂറ് ലൈക്കുകൾ, ഇരുപത്തിനാല് കാരറ്റ് മാറ്റുള്ള ഉശിരൻ അശ്ലീലങ്ങൾ, പ്ലേ സ്കൂളിൽ പഠിക്കുന്ന മകൾ, ഭാര്യ, അമ്മ തുടങ്ങിയവരൊക്കെ പോക്കുകേസാണത്രെ. ഇത് വിടാതെ പെണ്ണ്, പിടക്കോഴി, പണത്തട്ടിപ്പ്, ആഭിചാരം ഇതെല്ലാം പത്തിരുപത് പേജോളം പ്രവഹിച്ചുകൊണ്ടിരിക്കും. അങ്ങനെ ‘ദൈവസ്നേഹം’ വർണ്ണിച്ചീടാൻ വാക്ക് പോരാത്ത ഉപസംഹാരം!

**നിൽക്കൂ ഒരു നിമിഷം**

നമുക്കെന്തുപറ്റി? നേതൃത്വം എന്നാൽ തന്ത്രജ്ഞത പയറ്റേണ്ട തട്ടകം മാത്രമോ? മാധ്യമപ്രവർത്തനം സ്തുതിപാടലോ? അധികാരം കിട്ടിയാൽ മറുപക്ഷത്തെ എങ്ങനെ അരിയാം എന്നതിനോ അദ്ധ്യക്ഷ സ്ഥാനം? ഉദാരമായ സൈബർ ലോകത്തിന്റെ വിശാലവീഥിയിൽ നിന്ന് തെറിപറയുന്നതോ ആശയ പ്രചരണം? തെറി പറയുന്നവന് തെറികൊണ്ടുള്ള മറുപടിയോ ക്രിസ്തീയം?

ഇവിടെ തെറ്റിയതാർക്ക്? ഈ നിരീക്ഷകനോ അതോ നമ്മുടെ പൊതുസമൂഹത്തിനോ? നിഷ്ക്രിയരായ നേതൃത്വത്തിനോ? എന്തുതന്നെയായാലും ഇത് നിഷ്പക്ഷ മനസ്സുകളെ നന്നായി മുറിപ്പെടുത്തുന്നു. ഒരു പുനഃപരിശോധന അനിവാര്യത നമ്മെ അലോസരപ്പെടുത്തുന്നു. ശുഭം.

ലേഖനം

# അവർ സ്നേഹമെന്നും സാഹോദര്യമെന്നും പറഞ്ഞപ്പോൾ



സുനിൽ വർഗ്ഗീസ്,
ബാംഗ്ലൂർ
sunilvarghese09@gmail.com

യേശുവിന്റെ ജനനസമയത്ത് അതീവ സന്തോഷത്തോടെയാണ് വിദ്വാന്മാർ യേശുവിനെ അന്വേഷിച്ച് യരുശലേമിലേക്ക് എത്തിയത്. ദൈവകുമാരനായ യേശുവിനെ അവർ ആദ്യം അന്വേക്ഷിച്ചത് രാജകൊട്ടാരത്തിലായിരുന്നു. യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്ക് കണ്ടു നമസ്ക്കരിക്കു വാൻ വന്നുവെന്ന് അവർ പറയുമ്പോൾ യരുശലേം ഒട്ടാകെ ഭ്രമിച്ചു പോയതായി നാം മത്താ 2:3ൽ വായിക്കുന്നു. തുടർന്ന് ഹേരോദാവ് മഹാപുരോഹിതന്മാരേയും ശാസ്ത്രിമാരേയും കൂട്ടി വരുത്തി ക്രിസ്തു ജനിക്കുന്നത് എവിടെ എന്ന് സൂഷ്മമായി അന്വേക്ഷിച്ചറിയുന്നത് നാം കാണുന്നു. പിന്നീടാണ് ഹേരോദാവ് രഹസ്യമായി വിദ്വാന്മാരെ വിളിച്ച് നക്ഷത്രം വെളിവായ സമയം ചോദിച്ചറിയുകയും ശിശുവിനെക്കുറിച്ച് ബേത്ലേഹെമിൽ കൃത്യമായി അന്വേഷിക്കുവാൻ അവരെ പറഞ്ഞയക്കുകയും ചെയ്തു. മത്തായി 2:8 ൽ ഹേരോദാവ് ഒരു വാക്യം കൂടി ചേർക്കുന്നുണ്ട്; ശിശുവിനെ കണ്ടെത്തിയാൽ ഞാനും ചെന്ന് അവനെ നമസ്ക്കരിക്കേണ്ടതിന്, വന്ന് എന്നെ അറിയിപ്പീൻ എന്ന്.

എന്നാൽ ഹേരോദാവിന്റെ ഗൂഢ ഉദ്ദേശ്യം വിദ്വാന്മാർ അറിഞ്ഞില്ല. ഒരു പക്ഷേ സ്വപ്നത്തിൽ അരുളപ്പാട് ലഭിച്ചില്ലായിരുന്നെങ്കിൽ ആ വിദ്വാന്മാർ ഹേരോദാവിന്റെ അരികിൽ മടങ്ങി ചെല്ലുകയും അവർ ശിശുവിനെ കണ്ട വിവരവും സ്ഥലവും അവിടെ അറിയിക്കുകയും ചെയ്തേനെ. അപ്പോൾ ഹേരോദാവ് നമസ്ക്കരിക്കുവാനാണോ നശിപ്പിക്കുവാനാണോ ബേത്ലേഹെമിലേക്ക് പായുന്നതെന്ന് നമ്മുക്ക് ഇപ്പോൾ അറിയാം. കാരണം ശിശുവിനെ നമസ്ക്കരിക്കുവാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞ അതേ ഹേരോദാവ് പിന്നീട് വിദ്വാന്മാർ തന്നെ കളിയാക്കിയെന്ന് തിരിച്ചറിഞ്ഞ് വദ്വാന്മാരുടെ കാലഗണന അനുസരിച്ച് രണ്ട് വയസ്സും അതിൽ താഴെയുമുള്ള എല്ലാ ആൺകുട്ടികളേയും ബേത്ലേഹെമിലും അതിന്റെ അതിരുകളിലും ചെന്ന് കൊന്നു കളയുവാൻ കല്പന പുറപ്പെടുവിച്ചു. ഹേരോദാവ് നിറഞ്ഞ മനസ്സോടെ എന്നവണ്ണം ശിശുവിനെ നമസ്ക്കരിക്കുവാൻ താനും ആഗ്രഹിക്കുന്നു എന്ന് വിദ്വാന്മാരോട് പറഞ്ഞതത്രേയും കള്ളമായിരുന്നല്ലോ. വിദ്വാന്മാരോട് ശിശുവിനെ കാണുവാനുള്ള തന്റെ വ്യഗ്രതയെക്കുറിച്ച് പറയുമ്പോഴും അയാൾ മനസ്സിൽ ചിന്തിച്ചത് ശിശുവിനെ കൊന്നുകളയുന്നതിനെ കുറിച്ചായിരുന്നു.

നമ്മുടെ ചുറ്റുപാടും മിക്കപ്പോഴും നമ്മിലും കാണാറുള്ള ഒരു ശീലത്തിന്റെ പ്രകടനമായിരുന്നു ഹേരോദാവിൽ നാം കണ്ടത്. അന്തരംഗത്തിൽ ഒന്ന് ഒളിപ്പിച്ച് വച്ച് മറ്റൊന്ന് പ്രകടിപ്പിക്കുന്നത് മാനുഷീകമാണെന്ന് നാം പറയുമെങ്കിലും ദൈവമക്കളായ നമ്മിൽ അത്തരം സ്വഭാവത്തിന്റെ സാന്നിധ്യം ദൈവം ആഗ്രഹിക്കുന്നില്ല. ഉൽ 37 ൽ തന്റെ ചേട്ടന്മാരുടെ ക്ഷേമം അന്വേഷിക്കുവാൻ ശെഖേമിലേക്ക് വരുന്ന യോസേഫിനെ കാണാം. ചേട്ടന്മാരുടെ സുഖവിവരം അറിയുവാൻ വരുന്ന യോസേഫ്, ആ ചേട്ടന്മാരുടെ മനസ്സറിഞ്ഞിരുന്നില്ല. അപ്പന്റെ മുന്നിൽ വെച്ച് ആ ചേട്ടന്മാർ അവനോട് വാത്സല്യം കാണിക്കുകയും അനുജനായി കരുതി സ്നേഹം നൽകുകയും ചെയ്തിരുന്നു. അതുകൊണ്ടാണല്ലോ ചേട്ടന്മാരുടെ വിവരമറിയുവാൻ യാക്കോബ് പറഞ്ഞേൽപ്പിച്ചപ്പോൾ തന്നെ അവൻ ശെഖേമിലേക്ക് പോകുന്നത്. എന്നാൽ ആ സ്വപ്നക്കാരനെ അവന്റെ സ്പ്നങ്ങളുടെ കൂടെ എങ്ങനെ കൊന്നുകളയണം എന്ന വിചാരത്തോടെയായിരുന്നു ചേട്ടന്മാർ കഴിഞ്ഞിരുന്നത്.

ചിലപ്പോൾ നമ്മുടെ വീട്ടിലേക്ക് ഒരു സഹവിശ്വാസികൾ വരുമ്പോൾ നാം സ്നേഹത്തോടെ അവരെ സ്വാഗതം ചെയ്യും. അപ്പോൾ നാം കാണിക്കുന്ന ആഥിത്യമര്യാദ നിസ്തുലമായിരിക്കും. എന്നാൽ ചിലപ്പോൾ അവർ പോയി കഴിഞ്ഞ് നമ്മുടെ കൂടെയുള്ള മറ്റുള്ളവരോട് വന്നവരെക്കുറിച്ചുള്ള ദൂഷണം പറയുവാൻ ചിലർ തുടങ്ങിയെന്നിരിക്കും. ഇത് വായിക്കുമ്പോൾ തന്നെ അത്തരം സന്ദർഭങ്ങളെക്കുറിച്ച് ഒരു പക്ഷേ നിങ്ങൾക്ക് ഓർക്കുവാൻ കഴിയുന്നുണ്ടാവും. വാസ്തവത്തിൽ അപ്പോൾ കടന്നു വന്ന ആ സഹവിശ്വാസികളോട് നാം കാണിച്ചത് മുഴുവനും പൊള്ളയായ സ്നേഹവും കരുതലുമായിരുന്നു. ആ വ്യക്തികളെ മനസ്സാ വെറുത്ത് കൊണ്ട് നാം അവരെ സ്നേഹിക്കുന്നതായി നടിക്കുകയായിരുന്നു.

യോസേഫ് കരുതി തന്റെ ചേട്ടന്മാർക്ക് തന്നോട് വാത്സല്യമാണെന്ന്. ആ വിദ്വാന്മാരും കരുതി, യഹൂദന്മാരുടെ രാജാവായി പിറന്നവനെ കാണുവാൻ ഹേരോദാവിനും വെമ്പലുണ്ടെന്ന്. നാമും കരുതുന്നത്, നമ്മോട് സ്നേഹത്തോടെ പെരുമാറുന്ന എല്ലാവരും നമ്മുക്ക് വേണ്ടി ജീവൻ പോലും കളയുമെന്ന്. എന്നാൽ അവരുടെ മനോഗതമെന്തന്ന് ദൈവം മാത്രം അറിയുന്നു. മറ്റുള്ളവർ തങ്ങളുടെ മനസ്സിൽ ഒന്നു വെച്ച് നമ്മോട് മറ്റൊന്ന് പെരുമാറിയെന്നിരിക്കും. അവരെ ഉപദേശിക്കുവാനോ നേരെയാക്കുവാനോ നാം പരിശ്രമിക്കേണ്ടതേയില്ല. മറിച്ച് ആ ശീലത്തിന്റെ പ്രകടനം നമ്മിലാണെങ്കിൽ അതിനെ മെല്ലെ ഒഴിവാക്കുന്നതിൽ നാം ശ്രദ്ധാലുവാകേണ്ടത് ആവശ്യമാണ്. നമുക്ക് സ്നേഹമില്ലാത്തവരോട് സ്നേഹം നടിക്കുവാൻ യേശുക്കർത്താവ് നമ്മെ ഉപദേശിച്ചിട്ടില്ല. സ്നേഹമില്ലായ്മയുടെ കാരണം കണ്ടെത്തി അതിൽ നിരപ്പ് നേടി, സ്നേഹം പുന:സ്ഥാപിക്കുമ്പോഴാണ് ക്രിസ്തീയ വിശ്വാസി എന്ന നിലയിൽ നാം വിജയിക്കുന്നത്.

നമ്മെക്കാൾ താഴേക്കിടയിലുള്ളവരുടെ വീട്ടിൽ പോകുമ്പോൾ, അവർ തരുന്ന ആഹാരം ഭക്ഷിക്കേണ്ടി വരുമ്പോൾ നാം സ്വീകരിക്കുന്ന നിലപാടുകൾ ദൈവമുമ്പാകെ നിർണ്ണായകമാണ്. അല്ലങ്കിൽ അവർ നമ്മുടെ വീട്ടിൽ വരുമ്പോൾ പഴകിയ ഗ്ലാസും പിന്നീട് വലിയ ആളുകൾ വരുമ്പോൾ വിലകൂടിയ പളുങ്കു പാത്രവും നൽകുന്നതിലെ വിവേചനം ഈ ശീലത്തിന്റെ ഒരു വശമാണ്. ദൈവത്തിന്റെ പരിഗണനയിൽ മുന്തിയ ക്രിസ്ത്യാനി എന്നോ ജാതീയ ക്രിസ്ത്യാനി എന്നോ വിവേചനമില്ല. എന്നാൽ പണ്ടെന്നോ നിർത്തലാക്കിയ അയിത്തം, ഈ ശീലത്തിലൂടെ നമ്മുടെ ഇടയിൽ അതിന്റെ വേരുകളാഴ്ത്തുന്നുണ്ട്. അതിന്റെ ശിഖരങ്ങൾ പടർന്ന് പന്തലിക്കു

07

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.